# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 07** **മെയ്-2016** **ലക്കം 5**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ ........................................................ 05
കേരള നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനെ
കുറിച്ചുള്ള പ്രസ്താവന .......................................... 09
തെരഞ്ഞെടുപ്പിനും വേണം ചില മാനദണ്ഡങ്ങൾ ..... 15
സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ
അസംബ്ളി-2016 ................................................... 22
രൂപതാകച്ചേരി വാർത്തകൾ .................................... 31
*Members of the Newly Formed Pastoral Council* ....... 33
*Vocation Strength - Survey* ...................................... 37
വൈദികരുടെ മാസധ്യാനം ...................................... 45
മതബോധനരംഗം ........................................................ 46
ചെറുപുഷ്പമിഷൻലീഗ് ............................................. 60
*Department of Youth Ministry* ............................................ 65
കെ.സി.വൈ.എം. ...................................................... 66
കുടുംബപ്രേഷിതത്വം .................................................. 71
സീയോൻ വാർത്തകൾ ............................................... 74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 76
സാമൂഹ്യ സേവനരംഗം (WSSS) ................................ 84
ബയോവിൻ അഗ്രോ റിസർച്ച് .................................... 88
*CEADOM* വിദ്യാഭ്യാസ മേഖല ..................................... 90
അറിയിപ്പുകൾ ........................................................... 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 94
ബിഷപ്സ് പ്രോഗ്രാം ................................................... 95
കാരുണ്യവർഷ പ്രാർത്ഥന ........................................ 97

# സർക്കുലർ

***Circular Letter No. 08/2016***
***Prot. No.18464/2016***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ സഹോദരീ സഹോദരന്മാരേ,

നൊവേനകൾ നമ്മുടെ അനുദിന വിശ്വാസജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിട്ടുണ്ടല്ലോ. നമ്മുടെ എല്ലാ ഇടവകകളിലും തന്നെ വിവിധ വിശുദ്ധരേയും ഉണ്ണിയീശോയെയും വിശുദ്ധ കുരിശിനേയും അനുസ്മരിച്ച് നോവേനകൾ ചൊല്ലി നമ്മൾ ദൈവത്തോട് അപേക്ഷിക്കാറുണ്ട്. നമുക്ക് മുമ്പേ വിശ്വാസം വീരോചിതമായി ജീവിച്ച് കടന്ന് ദൈവസന്നിധിയിൽ ആയിരിക്കുന്നവരാണ് വിശുദ്ധർ. അവരിൽ ചിലരെ പ്രത്യേകമായി നമ്മുടെ മാതൃകയായി സഭ പ്രഖ്യാപിക്കുന്നു. അവരെ അനുകരിച്ച് നമ്മളും അതുപോലെ വിശുദ്ധരാകാൻ വേണ്ടിയാണത്. അതുപോലെ അവരുടെ മാദ്ധ്യസ്ഥം തേടി ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാനുള്ള സഹായികളുമാണവർ. ഉണ്ണിയീശോയുടെ നൊവേനയിൽ നമ്മൾ ചെയ്യുന്നത് നമ്മുടെ നാഥനും രക്ഷകനുമായ ഈശോയുടെ ബാല്യത്തിലെ എളിമയുടേയും ലാളിത്യത്തിന്റേയും മാതാപിതാക്കളോടുള്ള വിധേയത്വത്തിന്റേയും എല്ലാം മാതൃക അനുകരിക്കാനുള്ള ശക്തിക്കായി പ്രാർത്ഥിക്കുകയാണ്. വിശുദ്ധ കുരിശിന്റെ കാര്യത്തിലാകട്ടെ അവിടുന്ന് പിതാവിന്റെ കല്പനകൾ അനുസരിച്ച് ആ പിതാവിന്റെ സ്നേഹത്തിൽ നിലനിന്നതുപോലെ നമ്മൾക്കും ദൈവം നമുക്ക് തരുന്ന ജീവിത സാഹചര്യങ്ങളെ പൂർണ്ണ അനുസരണത്തോടെ ജീവിക്കാനുള്ള ശക്തിക്കായി പ്രാർത്ഥിക്കുകയാണ്.

വിശുദ്ധർ നമ്മേപ്പോലെ തന്നെ ഏതെങ്കിലും കുടുംബത്തിൽ ജനിച്ച് വളർന്ന് മരിച്ചവരാണ്. അവർ ദൈവസന്നിധിയിൽ ആയിരിക്കുമ്പോഴും ദൈവസമാനരല്ല. അതുകൊണ്ട് തന്നെ ദൈവത്തിന് മാത്രം അവകാശപ്പെട്ട ആരാധന ഒരിക്കലും നമ്മൾ വിശുദ്ധർക്ക് കൊടുക്കാറില്ല. ഒരുപക്ഷേ അറിവില്ലായ്മകൊണ്ട് അങ്ങനെയൊക്കെ ചെയ്യുന്നവരുണ്ടാകാം. വിശുദ്ധരെ നമ്മൾ നമ്മുടെ മാതൃകകളായി വണങ്ങു

കയും അവരുടെ മാദ്ധ്യസ്ഥം തേടുകയും മാത്രമാണ് ചെയ്യുന്നത്. അവരുടെ മാദ്ധ്യസ്ഥം തേടുക എന്ന് പറഞ്ഞാൽ നമുക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കണമേ എന്ന് പറയുന്നു എന്നാണർത്ഥം. ദൈവിക ജീവനിൽ പങ്കുകാരായ അവരുടെ പ്രാർത്ഥനകൾ കൂടുതൽ സ്വീകാര്യമാകുന്നു. കാരണം ദൈവത്തോടൊത്തായിരിക്കുന്ന അവർ മാനുഷികമായ എല്ലാ കുറവുകളിൽ നിന്നും വിമുക്തരാണ്. മറ്റ് വാക്കുകളിൽ അവരും ദൈവത്തേപ്പോലെ വിശുദ്ധി പ്രാപിച്ചവരാണ്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് വിശുദ്ധരല്ല പ്രത്യുത ദൈവമാണ്. ദൈവത്തെ സംബന്ധിച്ച് അവ അത്ഭുതങ്ങളല്ല. അവ നമുക്കാണ് അത്ഭുതങ്ങളായി അനുഭവപ്പെട്ടുന്നത്.

നൊവേന പ്രാർത്ഥനകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും അവയ്ക്കിടയ്ക്ക് ഐക്യരൂപ്യമില്ല എന്നതൊരു വസ്തുതയാണ്. അതിന്റെ കാരണം സഭയിൽ നിന്ന് അങ്ങനെ ഔദ്യോഗികമായി അവ തയ്യാറാക്കിയിട്ടില്ല എന്നതാണ്. അതുകൊണ്ട് ഒരേ രൂപതയിൽ തന്നെ വിവിധ ഇടവകകളിൽ ഒരേ വിശുദ്ധന് അല്ലെങ്കിൽ വിശുദ്ധയോടുള്ള നൊവേന തന്നെ പല രീതിയിലാണ് ചൊല്ലുന്നത്. നമ്മുടെ രൂപതയിലും സ്ഥിതി വ്യത്യസ്തമല്ല. അതിന്റെ കാരണം ഏതെങ്കിലുമൊക്കെ വ്യക്തികൾ അവരുടെ അഭിരുചിക്കനുസരിച്ച് പ്രാർത്ഥനകൾ രചിച്ച് ഉപയോഗത്തിലാക്കി എന്നതാണ്. ഇത് അഭിലഷണീയമായ പ്രവണതയല്ല എന്ന് പറയേണ്ടതില്ലല്ലോ. വിശ്വാസസംബന്ധമായ അബദ്ധങ്ങളിൽ പെടാൻ ഇവ ചിലപ്പോഴെങ്കിലും കാരണമാകുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ രൂപതയിൽ ഉപയോഗത്തിലിരിക്കുന്ന നൊവേനകൾ എല്ലാം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടെ ഏകീകരിച്ച് ഒറ്റപുസ്തകമായി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. അതിന്റെ ഉത്തരവാദിത്വം നമ്മുടെ രൂപതയിലെ ആരാധനാക്രമ കമ്മീഷനെയാണ് ഏൽപ്പിച്ചത്. ഏതാണ്ട് രണ്ട് വർഷം നീണ്ടുനിന്ന പഠനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി കമ്മീഷന്റെ ജോലി ഇപ്പോൾ ഫലപ്രാപ്തിയിൽ എത്തിയിരിക്കുകയാണ്. കമ്മീഷന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട ജിൽസൺ കോക്കണ്ടത്തിൽ അച്ചനും മറ്റ് അംഗങ്ങളും ചേർന്ന് അത്യദ്ധ്വാനം ചെയ്താണ് ആ കൃത്യം പൂർത്തിയാക്കിയത്. അവരുടെ പരിശ്രമത്തിന്റെ ഫലം ഇപ്പോൾ നമ്മുടെ ഉപയോഗത്തിനായി *നൊവേനകളും പ്രാർത്ഥനകളും* എന്ന പേരിൽ പ്രസിദ്ധം ചെയ്യുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. ബഹു. ജിൽസൺ അച്ചനേയും

കമ്മീഷൻ അംഗങ്ങളേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു. അവരുടെ ആ ഉദ്യമം നമ്മുടെ ആത്മീയ ഉത്കർഷത്തിന് കരാണമാകട്ടെ. നൊവേനകളോടൊപ്പം വിശ്വാസജീവിതത്തിന് ഉപകാരപ്രദമാകുന്ന മറ്റ് ഏതാനും പ്രാർത്ഥനകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

എല്ലാ നൊവേനകളും എല്ലാ ഇടവകകളിലും ഉപയോഗിക്കുന്നുണ്ടാവുകയില്ല എന്നത് വസ്തുതയാണ്. എങ്കിലും എല്ലാ നൊവേനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന്റെ ഒരു പ്രതിയെങ്കിലും എല്ലാ ഇടവകകളിലും ഉണ്ടാകുന്നത് നല്ലതാണ്. ജനങ്ങളുടെ ഉപയോഗത്തിന് ആവശ്യാനുസരണം ഓരോ നൊവേനയും വെവ്വേറെ തയ്യാറാക്കി കമ്മീഷൻ തന്നെ തരുന്നതാണ്. ആവശ്യമായ പ്രതികളുടെ എണ്ണം അറിയിച്ചാൽ മതി. അതിനുള്ള അറിയിപ്പ് ബഹു. വികാരിയച്ചന്മാരുടെ കയ്യിൽ ഇതിനോടകം എത്തിക്കാണും എന്ന് വിശ്വസിക്കുന്നു.

2016 ഡിസംബർ 1 മുതൽ ഇപ്പോൾ പ്രസാധനം ചെയ്യുന്ന *നൊവേനകളും പ്രാർത്ഥനകളും* എന്ന ഈ പുസ്തകത്തിലേതു പോലെയാണ് നമ്മുടെ ഇടവകകളിൽ നൊവേനകൾ ചൊല്ലേണ്ടത്. ആരംഭത്തിൽ കുറേയെല്ലാം പ്രയാസം ഉണ്ടാകാം. നമ്മൾ ഇതുവരെ ശീലിച്ച് പോന്നതിൽ നിന്ന് വ്യത്യസ്തമായ ഒന്ന് ചൊല്ലാൻ തുടങ്ങുമ്പോൾ ഉണ്ടാകുന്ന പ്രയാസമായി അതിനെ കണ്ടാൽ മതി. കാലക്രമത്തിൽ ഇതും നമുക്ക് ശീലമാകും.

കത്തോലിക്കാ വിശ്വാസ ജീവിതത്തിന്റെ കേന്ദ്രബിന്ദു വിശുദ്ധ കുർബാനയാണ്. അതുകൊണ്ട് വിശുദ്ധ കുർബാനയ്ക്കുള്ള പ്രാധാന്യം ഒരിക്കലും കുറഞ്ഞു പോകരുത്. നൊവേനകൾക്കും മറ്റ് ഭക്താഭ്യാസങ്ങൾക്കും അതിന് ശേഷമേ സ്ഥാനമുള്ളു. അതുപോലെ ത്രിതൈ്വക ദൈവത്തിനാണ് നാം ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത്. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളായ പിതാവും പുത്രനും പരിശുദ്ധാത്മാവും കഴിഞ്ഞേ വിശുദ്ധർക്ക് സ്ഥാനമുള്ളു എന്ന കാര്യവും നമ്മൾ വിസ്മരിക്കാതിരിക്കണം. നമ്മുടെ കർത്താവിന്റെ കാഴ്ചപ്പാടുകൾ സ്വീകരിച്ചതുകൊണ്ടാണ് വിശുദ്ധർക്ക് ജീവിതത്തിലെ പ്രയാസങ്ങളെയും രോഗങ്ങളെയും മറ്റും തരണം ചെയ്യാൻ സാധിച്ചത്. അതിനവർ ഊർജ്ജം സംഭരിച്ചത് പരിശുദ്ധ കുർബാനയിൽ നിന്നാണ്. അത് തന്നെയാണ് നമ്മളും ചെയ്യേണ്ടത്. അവിടുത്തെ മനോഭാവം സ്വീകരിച്ചാൽ പല രോഗങ്ങളും വരാതെയിരിക്കുകയും വന്നവ തന്നെ ഭേദമാകുകയും ചെയ്യും എന്നത്

സത്യമാണ്. കാരണം രോഗങ്ങളിൽ നല്ല പങ്കും നമ്മുടെ മാനസിക വ്യാപാരങ്ങളുമായി ബന്ധപ്പെട്ടവയാണ്. പരസ്പരം തെറ്റുകൾ ക്ഷമിക്കാനും വാശിയും വൈരാഗ്യവും വിദ്വേഷവും അസൂയയും സ്പർദ്ധയും എല്ലാം നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ഒഴിവാക്കാനും കഴിഞ്ഞാൽ നാം ഒരു പരിധിവരെയെങ്കിലും രോഗവിമുക്തരാകും. വിശുദ്ധരുടെ മാതൃകകൾ അതിന് നമുക്ക് പ്രചോദനമാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2016 ഏപ്രിൽ മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2016 മെയ് മാസം 8–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻസമിതി പ്രസിദ്ധീകരിക്കുന്ന പ്രസ്താവന

കേരള ജനത ഒരു പൊതു തെരഞ്ഞെടുപ്പിന് തയ്യാറെടുക്കുന്നു. ജനങ്ങളും ജനപ്രതിനിധികളാകുവാൻ ആഗ്രഹിക്കുന്നവരും വിവിധ രാഷ്ട്രീയ പാർട്ടികളും ഈ തയ്യാറെടുപ്പിലാണ്. ജനാധിപത്യ സംവിധാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അനിവാര്യമായ പ്രക്രിയയാണ് പൊതുതിരഞ്ഞെടുപ്പുകൾ. അവ രാജ്യഭരണത്തിന് ഉത്തമ രാഷ്ട്രീയ നേതാക്കളെ തിരഞ്ഞെടുക്കാനുള്ള അവസരം പൗരന്മാർക്ക് നല്കുന്നു. ഈ പ്രക്രിയയിൽ ഉത്തരവാദിത്വപൂർണമായി പങ്കുചേരാൻ എല്ലാവർക്കും കടമയുണ്ട്.

കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ കത്തോലിക്കാസഭ എക്കാലവും സജീവമായും ക്രിയാത്മകമായും ഇടപെട്ടിട്ടുണ്ട്. കേരളം ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിൽ ഓരോ പൗരനും തന്റെ പൗരാവകാശം ഉത്തരവാദിത്വ പൂർണമായി ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. വോട്ടേഴ്സ് ലിസ്റ്റിൽ തങ്ങളുടെ പേരുണ്ടെന്ന് ഉറപ്പുവരുത്തിയാൽ മാത്രം പോരാ, ജാഗ്രതയോടും വിവേകത്തോടും കൂടി സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും കെ.സി.ബി.സി. ആഗ്രഹിക്കുന്നു. ഈ വരുന്ന തിരഞ്ഞെടുപ്പിൽ ഏവരുടെയും അടിയന്തിരശ്രദ്ധ പതിയേണ്ട ചില അടിസ്ഥാന വിഷയങ്ങൾ വിചിന്തനം ചെയ്യാനും, അവയോടുള്ള കേരള കത്തോലിക്കാസഭയുടെ നിലപാടു വ്യക്തമാക്കാനുമാണ് ഈ പ്രസ്താവനയിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നത്.

**1. സമഭാവന:** ബഹുസ്വരതയാണ് ഭാരതസംസ്കാരത്തിന്റെ അന്തർധാര. നാനാത്വത്തിൽ ഏകത്വമെന്ന ശ്രേഷ്ഠമായ ഈ സംസ്കൃതി സംരക്ഷിക്കപ്പെടേണ്ടത് കേരളത്തിന്റെയും ആവശ്യമാണ്. ഒരു പ്രത്യേക സംസ്കാരത്തിന്റെയോ മതത്തിന്റെയോ രീതികൾ എല്ലാവരുടെയും മേൽ അടിച്ചേല്പിക്കുന്നത് ഏകസ്വരാധിപത്യമായി മാറും. ഈ മേഖലയിൽ, അടുത്തകാലത്തായി നടക്കുന്ന ചില ദുഷ്പ്രവണതകൾ ചൂണ്ടിക്കാട്ടാതിരിക്കാനാവില്ല. സാമുദായിക വികാരങ്ങൾ

ഉണർത്തിവിട്ട് ജനങ്ങൾ തമ്മിൽ അകൽച്ചയും ശത്രുതയും സൃഷ്ടിക്കുന്ന പ്രവണത കൂടിവരുകയാണ്. വർഗീയ ധ്രുവീകരണങ്ങളിലൂടെ ജാതിമതവിഭാഗങ്ങളെ ഭിന്നിപ്പിച്ച് അധികാരത്തിൽ കയറാൻ ശ്രമിക്കുന്നവരെ പിന്തുണയ്ക്കുന്നത് അപകടകരമായിരിക്കും.

മതസമഭാവനപോലെ പ്രധാനമാണ് ആദർശധാരകളുടെ സഹിഷ്ണുതയും. ഓരോ വ്യക്തിക്കും സ്വന്തമായുള്ള കാഴ്ചപ്പാടുകളും ആശയങ്ങളും പറയാനും പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നല്കുന്നുണ്ട്. ആയതിനാൽ സർവാധിപത്യ പ്രവണതയുള്ള രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ഒഴിവാക്കപ്പെടേണ്ടതാണ്. സംഭാഷണത്തിന്റെയും സംവാദത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുകയും തർക്കവിഷയങ്ങളിൽ മുൻവിധിയില്ലാതെ ആദരപൂർവകമായ ആശയവിനിമയം നടത്തുകയും ചെയ്യുന്നവരാണ് ഭരണത്തിൽ എത്തേണ്ടത്.

**2. വികസനം:** വികസനമെന്നാൽ ഏതാനും കുറച്ചുപേരുടെ മാത്രം പുരോഗതിയല്ല. മറിച്ച് വരുംതലമുറകൾ ഉൾപ്പെടെ എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്രതയുള്ള പുരോഗമന കാഴ്ചപ്പാടാണ് യഥാർത്ഥ വികസനത്തിനാവശ്യം. പാർശ്വവത്കരിക്കപ്പെട്ടവർക്കും അവശതയനുഭവിക്കുന്നവർക്കും കൂടി പ്രയോജനകരമായിത്തീരുന്ന പദ്ധതികളാണു വേണ്ടത്. കുടിവെള്ളം, പാർപ്പിടം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, ഗതാഗതം മുതലായ അടിസ്ഥാന മേഖലകൾക്കു ലഭിക്കേണ്ട മുൻഗണന വികസനത്തിന്റെ വേലിയേറ്റത്തിൽ നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തണം. വികസനത്തെ പിറകോട്ടടിക്കുന്ന തിന്മകളാണ് അഴിമതിയും സ്വജനപക്ഷപാതവും. വ്യക്തി താത്പര്യങ്ങൾക്കും പാർട്ടി താത്പര്യങ്ങൾക്കും അതീതമായി എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവം കാത്തുസംരക്ഷിക്കുന്നവരെയും സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരെയും വിജയിപ്പിക്കാൻ ഏവർക്കും കടമയുണ്ട്.

**3. നിയമസംവിധാനത്തോടുള്ള ബഹുമാനം:** ജനപ്രതിനിധികൾ ഭരണഘടനയെയും നിയമസംവിധാനത്തെയും ബഹുമാനിക്കുന്നവരായിരിക്കണം. അക്രമരാഷ്ട്രീയവും നിയമവിരുദ്ധമായ അടിച്ചേല്പിക്കലുകളും ഒരിക്കലും ഉണ്ടാകാനിടവരരുത്. കോടതിയുടെ വിശ്വാസ്യത തകർക്കുന്നതും ഭരണഘടനയുടെ പ്രഥമസ്ഥാനം നിഷേധിക്കുന്നതുമായ സമീപനങ്ങൾ കൈക്കൊള്ളുന്നവർക്കെതിരേ ജാഗ്രത

പുലർത്തണം. തങ്ങളുടെ ആദർശങ്ങളെ അനുകൂലിക്കാത്തവരെയും എതിരഭിപ്രായം പറയുന്നവരെയും അക്രമത്തിലൂടെ ഇല്ലായ്മ ചെയ്യുന്ന സമീപനം യാതൊരു വിധത്തിലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. അക്രമ രാഷ്ട്രീയം സമാധാനജീവിതത്തിനും വ്യക്തികളുടെയും സമൂഹ ത്തിന്റെയും ജീവനും സ്വത്തിനും ഭീഷണിയുമാണ്. പ്രബുദ്ധമായ കേരളീയ സമൂഹത്തിനു ചേരാത്ത ഇത്തരം പ്രവണത സമൂഹം തിരസ്കരിക്കുക തന്നെ വേണം.

**4. പരിസ്ഥിതിയും കാർഷിക മേഖലയും:** പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുകയും കൃഷിയെയും കൃഷിക്കാരെയും ആദരിക്കുകയും ചെയ്യുന്ന ഭരണനേതൃത്വമാണ് നമുക്കിന്ന് അത്യാ വശ്യം. പ്രകൃതി വിഭവങ്ങൾ നമുക്കു മാത്രമല്ല, വരുംതലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ്. അത് അമിതമായും, നിയമവിരുദ്ധമായും ചൂഷണം ചെയ്യാൻ പാടില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൂവായിര ത്തോളം അനധികൃത ക്വാറികളുടെ പ്രവർത്തനം നിയമാനുസൃതം നിയ ന്ത്രിക്കാൻ ഇതുവരെ നടപടിയുണ്ടായിട്ടില്ല. പൊതുസ്വത്തായ കടലും കായലും മാത്രമല്ല സർക്കാരിന്റെ അധീനതയിലുള്ള കരഭൂമിയും, അധികാരവും സ്വാധീനവുമുള്ളവർക്ക് പതിച്ചുനല്കുകയും കർഷകർക്ക് തന്റെ കൃഷിഭൂമിയിലുള്ള അവകാശം നിഷേധിക്കുകയും ചെയ്യുന്ന വൈരുധ്യത്തിന് അറുതിയുണ്ടാകണം. സർക്കാരും ജനപ്രതിനിധികളും നയങ്ങൾക്ക് രൂപം നല്കുമ്പോൾ ഇക്കാര്യങ്ങളിൽ വ്യക്തത വേണം. ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയും ധൂർത്തും അവ സാനിപ്പിക്കാൻ ഇച്ഛാശക്തിയുള്ളവരെയാണ് നമ്മൾ വിജയിപ്പിക്കേ ണ്ടത്.

പരിസ്ഥിതിയോടൊപ്പം ഭരണാധികാരികളുടെ പ്രഥമ പരിഗണന ലഭിക്കേണ്ട തലമാണ് നാടിന്റെ നട്ടെല്ലായ കാർഷികമേഖല. കർഷകന് കൃഷിയിലൂടെ മാന്യമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാതെ മലയാളിയുടെ ആരോഗ്യവും ഭാവിയും ശോഭനമാവുകയില്ല. കാർഷിക വിളകളുടെ വിലക്കുറവ്, പട്ടയം മുതലായ വിഷയങ്ങളിൽ വ്യക്തമായ നയങ്ങളുള്ളവരാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. കാർഷികമേഖലയെ അവഗണിക്കുന്ന കക്ഷികളും സ്ഥാനാർത്ഥികളും ജനപിന്തുണ അർഹി ക്കുന്നില്ല. പാർട്ടികൾ കാർഷിക നയം വ്യക്തമാക്കണം.

**5. ധാർമ്മികത:** സാമ്പത്തിക നിലവാരത്തോടൊപ്പം സമൂഹത്തിന്റെ ധാർമ്മിക നിലവാരത്തിനും ഊന്നൽ നല്കണം. വ്യക്തി കളെയും കുടുംബങ്ങളെയും സമൂഹം മുഴുവനെയും ധാർമ്മികതയിലും

നന്മയിലും വളർത്തുന്ന നയപരിപാടികൾ ആവിഷ്കരിക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം. മദ്യം, മയക്കുമരുന്ന്, കള്ളക്കടത്ത്, ഭീകര പ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരേ ശക്തമായ തീരുമാനങ്ങളെടുക്കുന്നവരെയാണ് നമുക്കാവശ്യം. മദ്യത്തെക്കുറിച്ചുള്ള വിവാദങ്ങളേക്കാൾ ഇന്നാവശ്യം ധിഷണാശക്തിയുള്ള ഭരണ പാടവമാണ്. മദ്യം നമ്മുടെ സമൂഹത്തിന് ഗുണം ചെയ്യുന്നില്ലായെന്ന് ബോധ്യമുണ്ടെങ്കിൽ ബാക്കിനടപടികൾ എളുപ്പം.

ഇടതു, വലതു മുന്നണികളുടെ മദ്യനയത്തിലുള്ള അവ്യക്തത പരിഹരിക്കപ്പെടണം. യുഡിഎഫിന് വ്യക്തമായ ഒരു മദ്യനയമുണ്ട്. എന്നാൽ അതിന്റെ ഉദ്ദേശശുദ്ധി മദ്യനിയന്ത്രണ പരിപാടികളിലൂടെ സമയബന്ധിതമായി തെളിയിക്കപ്പെടണം. എൽഡിഎഫ് മുന്നോട്ടുവയ്ക്കുന്ന മദ്യനിയന്ത്രണ പരിപാടികൾ അഭിനന്ദനാർഹമാണ്. എന്നാൽ അവയ്ക്ക് വ്യക്തമായ ഒരു നയത്തിന്റെ പിൻതുണയില്ല എന്ന പരിമിതിയുണ്ട്. മദ്യവിമുക്തമായ ഒരു സമൂഹനിർമ്മിതിക്ക് രണ്ടു മുന്നണികളുടെയും നയപരിപാടികളിൽ വ്യക്തതയും ആത്മാർത്ഥതയും ഉണ്ടാകണം.

മദ്യത്തിന്റെ ഉല്പാദനവും വിതരണവും ലഭ്യതയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടണം. മദ്യത്തിനു പകരം മയക്കുമരുന്നിലേക്ക് പോകുന്നതും അത് കുട്ടികളിലേക്ക് വ്യാപിക്കാതിരിക്കുന്നതിനുമുള്ള മുൻകരുതലും ഉറപ്പും ഭരണനേതൃത്വം നൽകണം. അതിന് ഇച്ഛാശക്തിയുള്ളവരെ ജനങ്ങൾ തിരിച്ചറിയണം. സാമൂഹികതിന്മകൾ അനുദിനം വർധിച്ചുവരുന്നത് നിയമമില്ലാത്തതുകൊണ്ടല്ല, ഉത്തരവാദിത്വപ്പെട്ടവർ നിഷ്ക്രിയത്വം പുലർത്തുന്നതിനാലും ശക്തമായ നിയമനടപടി സ്വീകരിക്കാൻ ധൈര്യം കാണിക്കാത്തതുകൊണ്ടുമാണ്.

മതത്തിന്റെയും പ്രത്യയശാസ്ത്രങ്ങളുടെയും ദുരുപയോഗം, മൗലികവാദത്തിലേക്കും ഭീകരപ്രവർത്തനങ്ങളിലേക്കും വഴിതുറക്കുമെന്നതിനാൽ, ജനങ്ങൾ അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ട കാലമാണിത്. സാമൂഹ്യ വിപത്തുകൾ ഒന്ന് മറ്റൊന്നിനെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പരസ്പരം ബന്ധപ്പെട്ട കണ്ണികളാണെന്നത് ഇവയുടെ ശക്തി വർധിപ്പിക്കുന്നു. ഈ സാമൂഹ്യതിന്മകൾക്കെതിരേ പോരാടാൻ പ്രാപ്തിയുള്ള ഒരു ഭരണകൂടത്തെയാണ് കേരള ജനതയ്ക്കാവശ്യം.

കേരളത്തെ ബാധിച്ചിരിക്കുന്ന അഴിമതി, സ്വജനപക്ഷപാതം ഇവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. അഴിമതി കാട്ടുന്നവർ ഒരു ജനതയുടെ പൊതുസമ്പത്ത് തുരന്ന് മോഷ്ടിക്കുകയാണെന്നുള്ള ബോധ്യം ജനങ്ങൾക്കുണ്ടാകണം. ഇഷ്ടപ്പെട്ടവരാണെങ്കിലും അഴിമതി കാണിച്ചാൽ അത് മൂടിവയ്ക്കാതെ നിയമത്തിനുമുമ്പിൽ എത്തിക്കേണ്ടത് ഭരണാധികാരികളുടെ കടമയാണ്. അഴിമതി ആരു ചെയ്താലും അത് നാടിനാപത്താണ് എന്ന് പൊതുസമൂഹം തിരിച്ചറിയുകയും പ്രതികരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

**6. ന്യൂനപക്ഷ സംരക്ഷണം:** ഭൂരിപക്ഷാധിപത്യമല്ല ജനാധിപത്യം. ന്യൂനപക്ഷങ്ങളെ സമത്വബോധത്തോടെ അംഗീകരിക്കുമ്പോൾ മാത്രമേ ജനാധിപത്യമുണ്ടാകൂ. എല്ലാ മതത്തിലുമുള്ള ചെറിയ വിഭാഗങ്ങൾക്കും മാന്യമായി ഈ നാട്ടിൽ ജീവിക്കാമെന്ന് ഉറപ്പുവരുത്തുവാൻ ഭരണത്തിലിരിക്കുന്നവർക്ക് കടമയുണ്ട്. ഈ ചെറുവിഭാഗങ്ങൾക്ക് അർഹമായ നീതി കാലതാമസം വരുത്താതെ നടപ്പിലാക്കി കൊടുക്കണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലെയും ദുർബലർ ഭരണത്തിലിരിക്കുന്നവരുടെ ദയയും നീതിയും അർഹിക്കുന്നവരാണ്. ഇത് നടപ്പാകണം. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതിന്റെ പേരിൽ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ട ദളിത് ക്രിസ്ത്യൻ, നാടാർ ക്രിസ്ത്യൻ മുതലായ വിഭാഗങ്ങൾക്ക് അനുഭാവപൂർണമായ പരിഗണന ലഭിക്കേണ്ടതാണ്. അവരോടുള്ള വിവേചനം അവസാനിപ്പിക്കുകയും അവർക്കു നീതി ഉറപ്പാക്കുകയും വേണം. അതുപോലെതന്നെ, ഭരണകർത്താക്കളുടെ ശ്രദ്ധ പതിയേണ്ടതാണ് മത്സ്യത്തൊഴിലാളി മേഖലയും കുടിൽ വ്യവസായ മേഖലയും. അവർക്ക് ആവശ്യമായ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ആനുകൂല്യങ്ങളും സംവരണവും ലഭ്യമാക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് സാധിക്കണം.

ഭരണഘടന ഉറപ്പുനല്കുന്ന മനുഷ്യാവകാശങ്ങളുടെ ഭാഗം തന്നെയാണ് ന്യൂനപക്ഷ അവകാശങ്ങൾ. വിദ്യാഭ്യാസമേഖലയിൽ ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ സർക്കാരുകൾ ഇന്നും അലംഭാവം കാണിക്കുകയാണ്. 2011 മുതൽ ശമ്പളം ഇല്ലാതെ ജോലി ചെയ്യുന്ന മൂവായിരത്തിലധികം എയിഡഡ് സ്കൂൾ അധ്യാപകരുടെ നിയമനത്തിന് ഹൈക്കോടതിയുടെ അനുകൂലമായ വിധി ഉണ്ടായിട്ടും വേണ്ടപ്പെട്ടവർ സമയോചിതമായ നടപടി സ്വീകരിക്കാത്തത് അപലപനീയമാണ്.

**7. ആദിവാസി–തോട്ടം തൊഴിലാളി സംരക്ഷണം:** ചൂഷണവും കുറ്റകരമായ അനാസ്ഥയും നിലനിൽക്കുന്ന രണ്ടു മേഖലകളാണ് ആദിവാസിക്ഷേമവും തോട്ടം തൊഴിലാളികളുടെ മനുഷ്യാവകാശ സംരക്ഷണവും. ഈ രണ്ടു മേഖലകളിലും തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ കൂട്ടായ ശ്രദ്ധയും അധികാരത്തിൽ വരുന്ന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുമുണ്ടാകണം.

ചുരുക്കത്തിൽ, ഭരിക്കാനുള്ള പാർട്ടിയെ തിരഞ്ഞെടുക്കുമ്പോൾ പാർട്ടികളുടേതെന്നപോലെ സ്ഥാനാർത്ഥികളുടെ രാഷ്ട്രീയ, ധാർമ്മിക നിലപാടുകളും സ്വഭാവശുദ്ധിയും പൊതുനന്മയിലുള്ള താത്പര്യവും തിരഞ്ഞെടുപ്പിൽ പ്രധാന മാനദണ്ഡമായിരിക്കണമെന്ന് കെസിബിസി ആഗ്രഹിക്കുന്നു. കേരളത്തെ ശക്തവും ധാർമ്മികവും സമ്പന്നവുമായ സംസ്ഥാനമാക്കാൻ ആവശ്യമായ കഴിവും അർപ്പണബോധവും നിശ്ചയ ദാർഢ്യവും ഉള്ള സ്ഥാനാർത്ഥികളെയും പാർട്ടികളെയും തിരഞ്ഞെടുക്കാൻ ഈ മാനദണ്ഡങ്ങൾ ഏവർക്കും ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെസിബിസി
**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

# തെരഞ്ഞെടുപ്പിനും വേണം ചില മാനദണ്ഡങ്ങൾ

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ**

തെരഞ്ഞെടുപ്പ് അടുത്തുവരുമ്പോൾ പൊതുവിലുയരുന്ന ചോദ്യമിതാണ്. എന്തിന് വോട്ട് ചെയ്യണം? ആർക്കു വോട്ടു ചെയ്യണം? സമ്മതിദാനവകാശത്തിന്റെ വിനിയോഗം ഏതേതു ലക്ഷ്യങ്ങളുടെ നിവർത്തനത്തിനാണു പ്രയോജകീഭവിക്കുന്നത്? ഇതു ചിലർ ഉച്ചത്തിൽ ചോദിക്കുമ്പോൾ, മറ്റു ചിലർ അതു മനസ്സിലൊതുക്കും. കടുത്ത പാർട്ടിപ്രവർത്തകർക്ക് ഇതൊന്നും ബാധകമേയല്ല. പക്ഷേ സാധാരണക്കാരുടെ യുക്തിബോധത്തിൽ ആവർത്തിച്ചുവരുന്ന പതിവുചോദ്യങ്ങളാണ് ഇവയെല്ലാം.

തെരഞ്ഞെടുപ്പു ഗോദയിൽ ബലപരീക്ഷണത്തിന് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന രാഷ്ട്രീയക്കാർ പലവിധ വേഷങ്ങളും രൂപങ്ങളും സമീപന വൈവിധ്യങ്ങളും സ്വീകരിച്ചാണു ജനസമക്ഷം അവതരിക്കുന്നത്. ആലോചനയ്ക്കുപോലും സമയം അനുവദിക്കാതെ അവർ നല്കുന്ന മോഹനസുന്ദര വാഗ്ദാനങ്ങൾ എണ്ണിയാലൊടുങ്ങില്ല. അടവുകളുടെയും തന്ത്രങ്ങളുടെയും സകലചേരുവകളും നിർലോഭം പുറത്തെടുത്തു പയറ്റുന്ന കാലമാണിത്. പക്ഷേ അതെല്ലാം അൽപായുസുക്കളാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? പാലം കടക്കുവോളം നാരായണ അതു കഴിഞ്ഞാലോ കൂരായണ.. ഈ പ്രവൃത്തിശീലത്തിന്റെ ഏറ്റവും മികച്ച പ്രയോക്താക്കളും ഗുണഭോക്താക്കളും നമ്മുടെ ജനനായകർ തന്നെ. ഒരുപക്ഷേ ഈ സത്യം നന്നായ് തിരിച്ചറിയുന്നത് ബഹുഭൂരിപക്ഷം വരുന്ന ജനസാമാന്യം തന്നെയാണ്.

ഈ യാഥാർത്ഥ്യങ്ങളുടെ നേരേ കണ്ണടച്ചുവേണം ഓരോ പൗരനും ബൂത്തിലെത്താൻ, പക്ഷേ, ബലതന്ത്രങ്ങൾ തെരഞ്ഞെടുപ്പുകാലത്തെ രാഷ്ട്രീയശൈലിയുടെ ഭാഗമാണെന്നും രാഷ്ട്രീയത്തിൽ സത്യസന്ധതയ്ക്കു അധികം പ്രസക്തിയില്ലെന്നും തിരിച്ചറിയുമ്പോഴും ഏറ്റവും വലിയ ജനാധിപത്യരാജ്യത്തെ തെരഞ്ഞെടുപ്പു പ്രക്രിയയിൽ നാം ഭാഗഭാക്കായേ പറ്റൂ. പൗരത്വം നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന കടമയാണിത്.

**വിചിത്രമായ കലാവിന്യാസങ്ങൾ**

യാത്രയയപ്പിനോട് അനുബന്ധിച്ചു പാലക്കാട് ഗവ. വിക്ടോറിയ കോളേജിലെ പ്രൻസിപ്പൽ ഡോ. ടി. എൻ. സരസുവിനു വിദ്യാർത്ഥിക

ളിലൊരു വിഭാഗം നല്കിയ സമ്മാനം ഒരുകാലത്തും അവർ മറക്കാനിടയില്ല. പ്രതീകാത്മകമായി നിർമ്മിച്ച കുഴിമാടമായിരുന്നു അത്! വിദ്യാർത്ഥികൾക്ക് അറിവ് പകർന്ന് കൊടുത്തതായിരുന്നു അവർ ചെയ്ത പാതകം. അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് അറിവിന്റെ വെളിച്ചത്തിലേക്കു നയിക്കുന്ന ഗുരുവിനെ ദൈവതുല്യമെന്നു കരുതി വണങ്ങിപ്പോന്ന ആർഷസംസ്കാരത്തിന്റെ നേരിയ സ്പർശമെങ്കിലുമുള്ള ആർക്കെങ്കിലും ഇതിനെ ന്യായീകരിക്കാനാവുമോ?

പക്ഷേ എന്താണു നടന്നത്? ഒരു മുതിർന്ന രാഷ്ട്രീയനേതാവ് അതിനെ കണ്ടതും വിശദീകരിച്ചതും അനുപമമായ ഒരു കലാവിന്യാസവും സൃഷ്ടിയുമായത്രേ (Art Installation)! ഇതൊക്കെ നമ്മുടെ നാടിന്റെ സാംസ്കാരികോന്നതിക്കെതിരേയുള്ള കൊഞ്ഞനംകുത്തലാണ്. ഫ്രാൻസിസ് മാർപാപ്പ ഈയടുത്തകാലത്ത് ഇങ്ങനെ പറഞ്ഞു. “I think it is difficult to remain honest in politics" (രാഷ്ട്രീയത്തിൽ സത്യസന്ധമായി നിൽക്കാൻ ബുദ്ധിമുട്ടാണെന്നു ഞാൻ കരുതുന്നു.)

**ജനങ്ങളാണ് യഥാർത്ഥ അധികാരികൾ**

അനുകരണാർഹമല്ലാത്ത ഇത്തരം പ്രവണതകൾക്കെതിരേയുള്ള മറുപടി വോട്ട് ചെയ്യാതിരിക്കുന്നതല്ല, നോട്ട അടിക്കുന്നതല്ല, ബൂത്തിലെത്തുമ്പോൾ വീണ്ടു വിചാരമില്ലാതെ തോന്നുംപടി വോട്ട് ചെയ്യുന്നതല്ല, പ്രചാരണത്തിന്റെ പൊലിമയിൽ തെന്നിവീണ് ഏറ്റവും വലിയ രാഷട്രീയ തന്ത്രജ്ഞനെ വിജയിപ്പിക്കുന്നതുമല്ല. ജനാധിപത്യത്തിൽ യഥാർത്ഥ അധികാരി ജനങ്ങളാണ്. വോട്ടിലൂടെയാണ് ആ അധികാരം ഏറ്റവും ഫലപ്രദമായി ആവിഷ്കൃതമാകുന്നത്. പ്രബുദ്ധമായ ഒരു പൗരസമൂഹം വോട്ടവകാശം ഔചിത്യത്തോടെ ഫലപ്രദമായി വിനിയോഗിക്കുമ്പോൾ ജനാധിപത്യം ഭദ്രമാകുന്നു. ജനാധിപത്യസംസ്കാരം അഭംഗം ഉറപ്പിക്കാനാണു പൗരബോധമുള്ളവർ ശ്രമിക്കേണ്ടത്.

**ബൂത്തിലെത്തും മുമ്പേ ഓർമ്മിക്കാൻ**

1. നോട്ട് കൊടുത്തു വോട്ട് വാങ്ങുതിനെക്കുറിച്ചു മുമ്പൊക്കെ മലയാളിക്ക് കേട്ടറിവേ ഉണ്ടായിരുന്നുള്ളു. ചില സംസ്ഥാനങ്ങളിൽ ഇങ്ങനെ നടക്കുന്നത് അടുത്തകാലത്തു മാധ്യമങ്ങളിലെങ്ങും സജീവ ചർച്ചയായിട്ടുമുണ്ട്. പക്ഷേ ഇപ്പോൾ കേൾക്കുന്നു. ഇതു നമ്മുടെ സംസ്ഥാനത്തും ചിലയിടങ്ങളിൽ നടക്കുന്നുണ്ടെന്ന്. അതു തീർത്തും അപമാനകരമത്രേ. ജനാധിപത്യത്തിന്റെ ആധാരശിലയ്ക്ക് ഇളക്കമേല്പ്പിക്കാവുന്ന ഏറ്റവും വലിയ ആഘാതമാണിത്. പണം വാങ്ങി വോട്ട്

നൽകിയാൽ ജനാധിപത്യമല്ല. പണാധിപത്യമാണ് നിലവിൽ വരിക. ജനാധിപത്യത്തിന് ഇതിൽപ്പരം ഗതികേട് എന്തുണ്ടാകാൻ!

പണം ഒരിക്കലും തെരഞ്ഞെടുപ്പിൽ മാനദണ്ഡമാക്കാൻ പാടില്ല. പണം കൊടുത്തു വോട്ട് വാങ്ങാൻ ശ്രമിക്കുന്നവർ ജനാധിപത്യവിരുദ്ധരാണ്; ഒരു തരത്തിൽ രാജ്യദ്രോഹികളുമാണ്. കാരണം, ഈ രാഷ്ട്രീയത്തെ ഒരു ജനാധിപത്യരാജ്യമായിട്ടാണു ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. പണം നല്കി വോട്ട് തട്ടാൻ ശ്രമിക്കുന്നവർക്ക് ഒരിക്കലും വോട്ടു നൽകരുത് എന്നുള്ളത് ഒരു മാനദണ്ഡമായി മാറണം.

2. വിഭാഗീയതയുടെ വിഷവിത്ത് വിതച്ചു നേട്ടം കൊയ്യാൻ ശ്രമിക്കുന്നവർ രാജ്യസ്നേഹികളാണെന്ന് ഒരു കാരണവശാലും പറയാനാവില്ല. ജാതി-മത-വർണ-വർഗ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്തെ ഏതെങ്കിലുമൊരു വിഭാഗത്തെ ശത്രുവർഗമായി അടയാളപ്പെടുത്തി സ്വന്തം അണികളെ ഒരുമിച്ചുകൂട്ടാൻ ആരെങ്കിലും ശ്രമിച്ചാൽ അത് ക്ഷിപ്രസാധ്യമാണ്. പക്ഷേ പഴക്കംചെന്ന ഈ രാഷ്ട്രീയതന്ത്രം പയറ്റുന്നത് അഖണ്ഡതയുടെ ആത്മാവിൽ ആഴത്തിലുള്ള മുറിവ് ഏല്പിക്കും. തെരഞ്ഞടുപ്പുകാലത്ത് ഇത്തരം നിഗൂഢ മാർഗങ്ങൾ പ്രയോഗിച്ച് വിഭാഗീയത വളർത്തുവരെയും മതസൗഹാർദം നശിപ്പിക്കുന്നവരെയും ഒരുതരത്തിലും ന്യായീകരിക്കാനാവില്ല.

ഏതു കാര്യവും വിഭാഗീയതയുടെ കണ്ണുകളിലൂടെ മാത്രം കണ്ടു വിലയിരുത്തുന്ന ആളുകൾ കേരളത്തിൽ ഏറിവരുന്നതാണ് അത്യന്തം ദു:ഖകരം. ഈയിടെ പരവൂർ ക്ഷേത്രത്തിൽ സംഭവിച്ച ദാരുണമായ അപകടവും ജീവാപായവുംപോലും വർഗീയച്ചുവയോടെ വ്യാഖ്യാനിക്കാൻ ചിലർ ശ്രമിച്ചത് ഉദാഹരണം. ഹിന്ദുക്കളെ ഇല്ലാതാക്കാൻ അന്താരാഷ്ട്ര മതശക്തികൾ ഒത്തുചേർന്നു നടത്തിയ ഗൂഢാലോചനയുടെ ഫലമാണിതെന്നായിരുന്നു ചിലരുടെ പക്ഷം. ക്രൈസ്തവർ അവിടെ ബൈബിൾ പഠിപ്പിക്കാൻ ശ്രമിച്ചെന്നായിരുന്നു വേറെ ചിലരുടെ ആക്ഷേപം. ഇതിന് സത്യമായി എന്തെങ്കിലും വിദൂരബന്ധമെങ്കിലുമുണ്ടോ? പുര കത്തുമ്പോൾ വാഴ വെട്ടുന്ന ഇത്തരം അവസരവാദ നിലപാടുകൾ പുലർത്തുന്നവർ അധികാരത്തിലേറിയാൽ രാജ്യത്തു നിലവിലുള്ള വൈവിധ്യം എങ്ങനെ സംരക്ഷിക്കപ്പെടും?

3. ചിലർക്കു തെരഞ്ഞടുപ്പിലെ മുഖ്യായുധം വ്യക്തിഹത്യയാണ്. എതിരാളിയെ അവഹേളിച്ചും വ്യാജാരോപണങ്ങൾ നിരത്തിയും വോട്ടു പിടിക്കാൻ ശ്രമിക്കുന്നതു ന്യായീകരിക്കാനാവില്ല. എതിരാളികൾക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നതും മാധ്യമ സഹായത്തോടെ അവ സവിസ്തരം ചർച്ചചെയ്തു താറടിക്കു

ന്നതും അധാർമികതയുടെ വക്താക്കളാണ്. വ്യക്തികളുടെ അവകാശ ങ്ങൾ സംരക്ഷിക്കാനും അവർക്കു നീതി സംലഭ്യമാക്കാനുമാണ് ജന പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടുന്നത്. അതിനുള്ള മത്സരത്തിൽ ഏർപ്പെടുന്നവർതന്നെ വൈരനിര്യാതന ബുദ്ധിയോടെ പ്രവർത്തിച്ചാൽ എന്തുചെയ്യും!

വ്യക്തികളുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും പൂർണ മായി അംഗീകരിക്കുന്ന വ്യവസ്ഥിതിയാണു ജനാധിപത്യം. അതിനാൽ മനുഷ്യാവകാശങ്ങളോടുള്ള പൂർണമായ പ്രതിബദ്ധത ജനപ്രതിനിധി കൾക്ക് അവശ്യാവശ്യകമാണ്. സൽപേരിനുള്ള അവകാശം ഓരോ വ്യക്തിയുടെയും പ്രാഥമിക അവകാശങ്ങളുടെ ഗണത്തിൽപ്പെടുന്നു. ജനാധിപത്യ ഭരണക്രമം ഇതര സംവിധാനങ്ങളിൽ നിന്നു വ്യത്യസ്ത മായിരിക്കുന്നതും മെച്ചമായിരിക്കുന്നതും വ്യക്തിസ്വാതന്ത്ര്യവും അവ കാശങ്ങളും സംരക്ഷിക്കുന്നതിനാലാണ്. നുണ നൂറ്റൊന്നാവർത്തിച്ച് എതിരാളികളുടെ പ്രാഥമിക അവകാശങ്ങളെ ചവിട്ടിമെതിക്കുന്നവരുടെ അധികാരാരോഹണം അപകടം വരുത്തിവയ്ക്കും. അവർക്കു ജനാധി പത്യത്തിന്റെ കാവലാളാകാൻ ഒരിക്കലും സാധിക്കില്ല.

**പതിവുപല്ലവികളിലെ നെല്ലും പതിരും**

തെരഞ്ഞെടുപ്പു കാലത്തെ വമ്പൻ പ്രചാരണ പരിപാടികൾക്കൊ ടുവിൽ തിരിച്ചും മറിച്ചും കാര്യങ്ങൾ കേൾക്കുമ്പോൾ, ആർക്കാണു വോട്ടു ചെയ്യേണ്ടത് എന്നു തീർച്ചപ്പെടുത്താനാവാത്ത ഒരു ചിന്താക്കുഴ പ്പമുണ്ടാകാം. പ്രചരിക്കുന്ന വാർത്തകളുടെയും ആരോപണങ്ങളുടെയും നെല്ലും പതിരും വേർതിരിച്ചെടുക്കുക അത്ര എളുപ്പമല്ല. അപ്പോൾ നേതൃ സ്ഥാനത്തുള്ളവരുടെ വാക്കുകൾക്കു മേൽക്കൈ കിട്ടുന്നു. സാധാരണ യായി അവർ മുന്നോട്ടുവയ്ക്കുന്ന ചില നിർദേശങ്ങൾ പരിശോധിക്കാം.

**നല്ല സ്ഥാനാർത്ഥികൾക്കു വോട്ട് ചെയ്യുക**

പരിമിതാർത്ഥത്തിൽ ഇതു ശരിയാണ്. പ്ലേറ്റോ പറഞ്ഞത് ഓർക്കുക രാജാക്കന്മാർ തത്ത്വചിന്തകരും തത്ത്വചിന്തകർ രാജാ ക്കന്മാരും ആകണം. പ്ലേറ്റോയുടെ ദൃഷ്ടിയിൽ തത്ത്വചിന്തകർ വിവേ കികളും സത്യസന്ധരും നിതിബോധമുള്ളവരുമാണ്. ഈ ഗുണഗണ ങ്ങളുള്ള ഭരണാധികാരികളുടെ ഭരണം മൂല്യാധിഷ്ഠിതവും മാതൃകാ പരവുമായിരിക്കുമെന്നതിൽ ആർക്കാണു സംശയം? ഇക്കാലത്ത് അങ്ങ നെയുള്ള ആരെയെങ്കിലും കണ്ടുമുട്ടാൻ ഭാഗ്യം കിട്ടാറുണ്ടോ? മുമ്പൊ രിക്കൽ പനമ്പള്ളി പറഞ്ഞതുപോലെ, നമുക്കു കിട്ടുന്നതെല്ലാം പേട്ടു തേങ്ങകളാണെങ്കിൽ എന്തു ചെയ്യും? കൂടാതെ, സമ്മതിദായകരിൽ എത്ര പേർക്കു സ്ഥാനാർഥികളെ വ്യക്തിപരമായി അറിയാം?

ജനനായകർ നല്ല മനുഷ്യരായാൽ മാത്രം പോര, അവർക്കു രാഷ്ട്രീയ വിവേകവും അറിവും ആ രംഗത്തുള്ള അനുഭവസമ്പത്തും ആവശ്യമാണ്. സാമൂഹിക, രാഷ്ട്രീയ പ്രശ്നങ്ങൾ യഥാർഹം മനസിലാക്കാനും ഉചിതവും ശക്തവുമായ നിലപാടുകൾ സ്വീകരിക്കാനും അവർ പ്രാപ്തരായിരിക്കണം. ജനഹിതം തിരിച്ചറിയാനും ചിലപ്പോൾ ജനാഭിപ്രായത്തെ ഏകോപിപ്പിക്കാനും സമ്മിതിദായകരോടു സഹകരിച്ചു പ്രവർത്തിക്കാനും തയാറുള്ളവരായിരിക്കണം. ഇങ്ങനെയുള്ളവരെ കണ്ടെത്താൻ എളുപ്പമായിരിക്കില്ല. പകരം, വളഞ്ഞ വഴികളിലൂടെ സ്ഥാനമാനങ്ങൾ കൈയ്യടക്കാനാണു പലരും പാർലമെന്ററി രംഗത്തേക്കു കടന്നുവരുന്നത്.

ഇങ്ങനെ രംഗപ്രവേശം ചെയ്തവരാകട്ടെ പലപ്പോഴും ഈ രംഗത്ത് അത്ര സ്വതന്ത്രരായിരിക്കില്ല. പാർട്ടിവലയത്തിനുള്ളിൽ നിന്നു വേണം ഇന്നത്തെ സമ്പ്രദായത്തിൽ വ്യക്തികൾ പ്രവർത്തിക്കാൻ. പാർട്ടി അധികാരികൾ നിർദ്ദേശിക്കുന്നതുപോലെ പ്രവർത്തിച്ചില്ലെങ്കിൽ അയാൾ പുറന്തള്ളപ്പെടും. ഒരുപക്ഷേ അയോഗ്യനാക്കിയെന്നും വരാം. മുന്നണികളിലെ ചെറുകിട കക്ഷികളുടെ അവസ്ഥയും ഇതുതന്നെ. വലിയ പാർട്ടികൾക്കു സംസ്ഥാന നേതൃത്വത്തെ മാത്രമല്ല ആശ്രയിക്കേണ്ടത്. ദേശീയ നേതൃത്വം സ്വീകരിക്കുന്ന നിലപാടുകളും നിർണായകമാണ്. മുമ്പുപറഞ്ഞ നല്ല വ്യക്തികൾ പ്രവർത്തിക്കേണ്ടത് ഇത്തരം ബഹുവിധ മുള്ളുവേലിക്കെട്ടിനുള്ളിൽ നിന്നാണെന്നോർക്കണം.

അതുകൊണ്ട് അന്തിമമായ വിലയിരുത്തലിനു വിധേയമാകേണ്ടതു പാർട്ടികളും മുന്നണികളും അവരുടെ നയപരിപാടികളുമാണ്. പാർട്ടികളെ വിലയിരുത്താതെ വ്യക്തികളെ മാത്രം കണക്കിലെടുത്താൽ കണക്കു കൂട്ടലുകൾ മാറിമറിയാം. പാർട്ടികളുടെ പ്രത്യയശാസ്ത്രം, സ്വഭാവം, ഘടന, പ്രവർത്തനശൈലി, നിലപാടുകൾ ഇവയെല്ലാം കൂലങ്കഷമായി വിലയിരുത്തപ്പെടേണ്ടതുതന്നെ.

തെരഞ്ഞെടുപ്പുകാലത്തെ പ്രചാരണകോലാഹലങ്ങളിൽ രാഷ്ട്രീയ നേതാക്കൾ പറയുന്നതൊന്നും വിശ്വസിക്കേണ്ടതില്ല. കാരണം ആവുന്നിടത്തോളം സീറ്റുകൾ നേടി ഭരണം പിടിക്കാനുള്ള തത്രപ്പാടിൽ കക്ഷിഭേദമെന്യേ എല്ലാവരും നല്ലപിള്ള ചമയും. വർഗസമരവാദികളും വർഗീയവാദികളും പോലും തെരഞ്ഞെടുപ്പുകാലത്ത് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഉത്സുകരാകുന്നത് ഇതിനു മികച്ച ഉദാഹരണം. പ്രകടനപത്രികകൾ അടിസ്ഥാനമാക്കാൻ കഴിയുമോ? ഇല്ല. കാരണം, അവയുടെ ഉള്ളിലെങ്ങും മോഹനസുന്ദര വാഗ്ദാനങ്ങളുടെ മഴപ്പെയ്ത്താണ്.

ഓരോ പാർട്ടിയുടെയും മുൻകാല പ്രവർത്തനങ്ങൾ പ്രധാനമായും വിലയിരുത്തപ്പെടണം. ഇവിടുത്തെ വൻപാർട്ടികളെ പരിശോധിക്കുക. കാലാകാലങ്ങളായി ഒന്നിടവിട്ടു ഭരണത്തിലേറിയവരാണ് അവയെല്ലാം. അക്കാലത്തെ അവരുടെ നിലപാടുകളും മനോഭാവങ്ങളും നേതാക്കന്മാരുടെ പ്രസ്താവനകളിലൂടെയും അണികളുടെ പ്രവർത്തനശൈലിയിലൂടെയും കേരളീയർ തിരിച്ചറിഞ്ഞതാണ്. ധാർമ്മികതയോടും മൂല്യങ്ങളോടുമുള്ള അവരുടെ കൂറ് എന്തായിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു.

മനുഷ്യാവകാശങ്ങളോട്, പ്രത്യേകിച്ചു ന്യൂനപക്ഷാവകാശങ്ങളോട്, പാർട്ടികൾ പുലർത്തിയ സമീപനം, വിഭാഗീയതയോടുള്ള നീക്കുപോക്ക്, അക്രമമാർഗങ്ങളോടുള്ള ചങ്ങാത്തം, ഭരണനിർവ്വഹണത്തിലുള്ള സുതാര്യത, അഴിമതികളുടെ വർധന, അതിലുള്ള പങ്കാളിത്തം തുടങ്ങിയവയെല്ലാം കണക്കെടുപ്പിനു വിധേയമാക്കണം. ഒരർത്ഥത്തിൽ പാർട്ടികളെയാണു വോട്ടർമാർ തെരഞ്ഞുക്കുന്നത്, വ്യക്തികളെയല്ല. സ്വതന്ത്രന്റെ ലേബലിൽ വരുന്നവരുടെ പൂർവകാല ചരിത്രവും പാർട്ടികളോടുള്ള മനോഭാവവും സമ്മതിദാനവിനിയോഗത്തിനു മാനദണ്ഡമാകുകതന്നെ വേണം.

**മന:സാക്ഷിക്കനുസരിച്ചു വോട്ട് ചെയ്യുക**

മന:സാക്ഷിയനുസരിച്ചു വോട്ട് ചെയ്യണം. എന്നതാണു വേറൊരു നിർദ്ദേശം. ഇതും തീർച്ചയായും ശരിയാണ്. ഭീഷണിക്കു വഴങ്ങിയോ സ്വാർത്ഥകാര്യലാഭത്തിനോ അല്ല നാം വോട്ടുചെയ്യേണ്ടത്. പണവും മാനദണ്ഡമാകാൻ പാടില്ല. ഇതെല്ലാം ശരിപക്ഷം. എന്നാൽ, ഈ പറയുന്ന മന:സാക്ഷി രൂപപ്പെടുന്നതെങ്ങനെയാണ്? സത്യത്തിന്റെയും നീതിയുടെയും യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കിയല്ലേ? ധാർമ്മികബോധവും മൂല്യങ്ങളോടുമുള്ള പ്രതിബദ്ധതയും അതിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്.

സാഹചര്യങ്ങൾ യഥോചിതം വിശകലനം ചെയ്താലേ പ്രായോഗികനിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിയൂ. ഇങ്ങനെ ശരിയായി രൂപീകരിക്കപ്പെട്ട മന:സാക്ഷിക്കു മാത്രമേ കാലോചിതമായ തീരുമാനങ്ങളെടുക്കാൻ അവകാശമുള്ളൂ. സത്യത്തെ വക്രീകരിച്ച് അവതരിപ്പിക്കുന്ന ഇന്നത്തെ മാധ്യമപ്രളയത്തിനു നടുവിൽ വ്യക്തികളുടെ ശരിയായ മന:സാക്ഷി രൂപീകരണം ക്ഷിപ്രസാധ്യമല്ല.

സ്വന്തം മന:സാക്ഷിയ്ക്കനുസൃതം പാർട്ടികളോടുള്ള മനോഭാവത്തെ രൂപപ്പെടുത്തുമ്പോൾ, ചില സുപ്രധാന വിഷയങ്ങളിൽ അവ

രെടുക്കുന്ന നിലപാടുകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. മതസ്വാതന്ത്ര്യ മാണ് ഇതിൽ പരമപ്രധാനം. ഇന്ത്യൻ ഭരണഘടന ഇതു യഥാർഹം മനസിലാക്കി സകലർക്കും പൂർണമതസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. അതിനോടു ചേർന്ന്, ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യവും ഭരണഘടന മൗലികാവകാശമായി പ്രഖ്യാപിച്ചിരിക്കുന്നു. മൗലികമായ അവകാശങ്ങളോട് പാർട്ടികൾ പുലർത്തുന്ന പ്രതിബദ്ധത സത്യസന്ധ മായി വിലയിരുത്തപ്പെടണം.

ഈശ്വരനിഷേധികളായ കടുത്ത ഭൗതികവാദികൾ മതവിശ്വാ സത്തിനു പാടേ എതിരാണ്. ഇതരമതങ്ങളെയും മതവിശ്വാസികളെയും ശത്രുപക്ഷത്തു സ്ഥാനപ്പെടുത്തുന്ന വർഗീയവാദികളാകട്ടെ, അവരുടെ അവകാശങ്ങൾ അന്യായമാണെന്നു വിധിക്കുകയും അവ നിഷേധി ക്കാൻ സകല സാധ്യതകളും ആരായുകയും ചെയ്യുന്നു. ഇവിടെയും തെരഞ്ഞെടുപ്പു കാലത്തെ പാർട്ടിവക്താക്കളുടെ ഭംഗിവാക്കുകളല്ല, അവരുടെ പ്രവൃത്തി ചരിത്രമാണു കണക്കിലെടുക്കേണ്ടത്.

ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഈ പാർട്ടികൾ തയ്യാറാകുമോ എന്നതു പരിശോധി ക്കപ്പെടണം. സാധാരണക്കാരന്റെ ആരോഗ്യസുരക്ഷയും ഭരണമേഖ ലയിലെ സുതാര്യതയും അടിസ്ഥാനവികസനവും യാഥാർത്ഥ്യമാക്കാൻ എത്രത്തോളം ശ്രദ്ധിക്കും എന്നതും പ്രധാനമാണ്. ഇന്നത്തെ സാഹ ചര്യത്തിൽ, പൂർവാധികം പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ട താണ് മദ്യനയം. വാചക കസർത്തുകൾക്കല്ല സമാധാനപൂർണമായ ജനജീവിതം സാധ്യമാക്കുന്ന നയരൂപീകരണത്തിലും അവയുടെ പ്രയോഗവത്കരണത്തിനുമാണു മുന്തിയ പരിഗണന നൽകേണ്ടത്.

ചുരുക്കത്തിൽ, തെരഞ്ഞെടുപ്പു പ്രക്രിയയെ വോട്ടർമാർ നിസാര മായി കാണരുത്. പാർട്ടികളെയും പാർട്ടിനേതാക്കളെയും യഥോചിതം വിലയിരുത്തി വോട്ടുചെയ്യുന്നത് സമ്മതിദായകരുടെ അവകാശമാണ്. പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങാതെ തികഞ്ഞ ഉത്തര വാദിത്വത്തോടെയും യാഥാർത്ഥ്യബോധത്തോടെയും അനുഷ്ഠിക്കേണ്ട പവിത്രധർമ്മമാണു സമ്മതിദാനാവകാശം.

*കടപ്പാട്: ദീപിക, 2016 ഏപ്രിൽ 22 വെള്ളി*

## ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ഈ വർഷം ഓഗസ്റ്റ് 26–28 വരെ നടത്തപ്പെട്ട മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചാവിഷയം "ആധുനിക ലോകത്തിന്റെ വെല്ലുവിളുകളും സഭയുടെ പ്രത്യുത്തരങ്ങളും" എന്നതാണ്. ഇതിന് മൂന്ന് ഭാഗങ്ങളാണ് ഉള്ളത്. 1. ജീവിതത്തിലെ ലാളിത്യം, 2. കുടുംബത്തിലെ സാക്ഷ്യം, 3. പ്രവാസികളുടെ ദൗത്യം. അസംബ്ലിയുടെ *Lineamenta* അതാതു ഫൊറോനയിൽപെട്ട ഇടവകകളിലെ വികാരിയച്ചന്മാർക്കും മദർ സുപ്പീരിയേഴ്സിനും നൽകുവാനായി ഫൊറോനാ വികാരിയച്ചന്മാരെ ഇതിനകം ഏൽപ്പിച്ചിട്ടുണ്ട്. ഇടവകകളിൽ ചർച്ച ചെയ്യാനായി *Lineamenta* യുടെ ഒരു സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിരിക്കുന്നു. എല്ലാ ഇടവകകളും വിവിധ വേദികളിൽ ഇവ ചർച്ച ചെയ്ത് 2016 മെയ് മാസം 22 ന് മുമ്പായി റിപ്പോർട്ട് വികാരി ജനറാളച്ചന്റെയോ, ചാൻസലറച്ചന്റെയോ പേരിൽ ബിഷപ്പ് ഹൗസിലേയ്ക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. റിപ്പോർട്ടുകൾ ക്രോഡീകരിച്ച് മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കുന്നതാണ്.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ളി – 2016

### ആധുനീക ലോകത്തിന്റെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും

**(ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം)**

**ഒന്നാം ഭാഗം**

**ലാളിത്യം സഭയിലും വ്യക്തി ജീവിതത്തിലും**

നാം വിലയ്ക്ക് വാങ്ങിയതോ സ്വന്തമാക്കിയതോ ആയ വസ്തുക്കളുടെ അടിസ്ഥാനത്തിൽ നമ്മെത്തന്നെ നിർവചിക്കുന്ന ഉപഭോഗ സംസ്ക്കാരത്തിലാണ് നാം. (I shope therefore I am) സൗകര്യങ്ങളെക്കാൾ ആകർഷണത്തിനും ആവശ്യത്തെക്കാൾ ആർഭാടത്തിനും പ്രാധാന്യം കൽപ്പിക്കപ്പെടുന്ന കാലം (I don't know what I want, but I know I don't have it ) അത്യാവശ്യത്തിന് പോലും ലഭിക്കാതെ വരുമ്പോഴും 'മതി' എന്ന് പറയാനുള്ള ആത്മീയ കരുത്താണ് ലാളിത്യം.

**ഈശോ -ലാളിത്യത്തിന്റെ മാതൃക**

➢എല്ലാം ഉള്ളവനായിരുന്നിട്ടും തന്റെ ജനനത്തിലും, ജീവിതത്തിലും, മരണത്തിലും ഈശോ ദരിദ്രനായിരുന്നു. (പ്രബോധന ശൈലി പോലും) വെറും നിസ്സാരമായ അപ്പമായി മാറാൻ മാത്രം അവൻ തന്നെതന്നെ താഴ്ത്തി. ഇന്നും അനുദിന വി.കുർബ്ബാനകളിൽ ആവർത്തിക്കപ്പെടുന്നത് അവന്റെ ലാളിത്യത്തിന്റെ പരമകാഷ്ഠയാണ്.

➢ഈ ലോകത്തിൽ ജീവിക്കാൻ ഒരുപാട് വസ്തുക്കളോ കാര്യങ്ങളോ ആവശ്യമില്ലെന്ന് പഠിപ്പിച്ചവനാണ് ഈശോ.

➢ലളിത ജീവിതം ആന്തരീകമായ സ്വാതന്ത്രമാണ്. യേശു ഒന്നിനോടും, അധികാരത്തോടോ, അംഗീകാരത്തോടോ, സമ്പത്തിനോടോ, സ്വന്തം ജീവനോടു പോലുമോ അടിമപ്പെട്ടിരുന്നില്ല. ആന്തരീക സ്വാതന്ത്ര്യം ഉണ്ടായിരുന്നതുകൊണ്ട് ഈശോക്ക് സമൂഹത്തിലെ പാവപ്പെട്ടവരെയും, ധനികരെയും പാപിയെയും, നീതിമാനെയും ഒരുപോലെ സ്നേഹിക്കാനും സൗഹൃദം പങ്കുവെക്കാനും ഒരുമിച്ച് ഭക്ഷിക്കാനും സാധിച്ചു. പിതാവായ ദൈവത്തിന്റെ കാരുണ്യവും മനുഷ്യന്റെ മഹത്വവും മറന്നുള്ള നിയമാനുഷ്ഠാനത്തെ അവിടുന്ന് എതിർത്തു. സുവിശേഷത്തിലെ ഈശോയുടെ ഈ ലാളിത്യത്തിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

➢'ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തെ സമ്പത്തായി കണക്കാക്കുകയും ചെയ്യുന്നവൻ ക്രിസ്തുവിന്റെ ദാരിദ്ര്യത്തിൽ സമ്പന്നനാകുന്നു.' (ഫ്രാൻസിസ് പാപ്പ) ആത്മാവിൽ ദരിദ്രർ ഭാഗ്യവാൻമാർ എന്ന ക്രിസ്തുമൊഴി ഭൗതീക സമ്പത്തുള്ളവർ ദരിദ്രനാകണമെങ്കിൽ സക്കേവൂസിനെപ്പോലെ സമ്പത്ത് പങ്കുവെക്കാൻ തയ്യാറാകണമെന്നും ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണമെന്നും നമ്മെ ഓർമിപ്പിക്കുന്നു. മിച്ചമുള്ളത് കൊടുക്കുകയെന്ന സാധാരണ ദാനധർമ്മത്തിൽ നിന്ന് ഉപജീവനത്തിനുള്ളതു പോലും കൊടുക്കുന്ന വിധവയെപ്പോലെയും ജീവിതം തന്നെനൽകുന്ന ക്രിസ്തുവിനെപ്പോലെയും ആയിത്തീരണം ക്രൈസ്തവ ജീവിതം എന്ന് നമ്മെ പഠിപ്പിക്കുന്നു. ഈ പങ്കുവെക്കലിൽ ലാളിത്യം പൂർണ്ണത കൈവരിക്കുന്നു.

**ലളിത ജീവിതം സഭാ പ്രബോധനങ്ങളിൽ**

➢മിതത്വം എന്ന പുണ്യം ശീലിക്കുക - ഇത് ലാളിത്യത്തിന്റെ സഹയാത്രികയാണ്.

➢'ക്രിസ്ത്യാനികളുടെ ആർഭാടജീവിതം അവൻ ഏറ്റെടുത്തിരിക്കുന്ന ആത്മീയ സമരം അലസിപ്പോകുവാൻ കാരണമാകുന്നു.' (വി.ക്രിസോസ്റ്റോം)

➢'ലാളിത്യമുള്ളവരാകുക എന്നതുകൊണ്ട് മടിയരായിരിക്കുക എന്നർത്ഥമില്ല. പ്രാവിനെപ്പോലെ ലാളിത്യമുള്ളവരാകാൻ പരിശ്രമിക്കുമ്പോഴും തീനാവുകളെപ്പോലെ തീക്ഷണതയുള്ളവരായിരിക്കണം ക്രിസ്ത്യാനികൾ' (വി. അഗസ്റ്റിൻ)

➢സൃഷ്ടവസ്തുക്കൾ മനുഷ്യകുലത്തിന് മുഴുവനുമായി ഉദ്ദേശിക്കപ്പെട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ സ്വാർത്ഥ ലാഭത്തിനായല്ല.

➢പരിസ്ഥിതിയെ സംരക്ഷിക്കുക. നമ്മുക്ക് ശേഷം വരാനിരിക്കുന്ന തലമുറകൾക്കെല്ലാമായി ഈ ഭൂമിയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം മനുഷ്യനാണ്.

➢ലാളിത്യത്തോടെ സമ്പത്ത് കൈകാര്യം ചെയ്യാൻ നമ്മെ സഹായിക്കുന്ന പുണ്യങ്ങളാണ് – സംയമനം, നീതി, സഹാനുഭൂതി.

**ലാളിത്യ ജീവിതം അഭിമുഖീകരിക്കുന്ന ആധുനീക വെല്ലുവിളികൾ**

➢ഉപഭോഗ സംസ്ക്കാരം- മനുഷ്യന്റെ മാനസീകവും സാമൂഹ്യവുമായ ആവശ്യങ്ങൾ ഒരിക്കലും പൂർണ്ണമായി പൂർത്തീകരിക്കപ്പെടുകയില്ല. ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതനുസരിച്ച് മാനവ പുരോഗതി അളക്കുന്ന ആധുനീക തലമുറ.

➢അനുദിനജീവിതത്തിലെ ആഡംബരഭ്രമം –

സൗകര്യങ്ങളെക്കാൾ ആകർഷണത്തിന് പ്രാധാന്യം കൽപ്പിക്കപ്പെടുന്നു. (ഉദാ: ഭവന നിർമ്മാണം, ദേവാലയ നിർമ്മാണം)

➢ഗുണമേന്മയുടെ പേരിൽ ക്രിസ്തീയ മൂല്യങ്ങൾ പകർന്ന് കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്ന നമ്മുടെ സ്ഥാപനങ്ങൾ.

(ഉദാ: വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ)

➢സാമ്പത്തീക സുരക്ഷിതത്വം പ്രധാനപ്പെട്ടതാകുകയും പങ്കുവെക്കലിന്റെ ദർശനം വിസ്മരിക്കുകയും ചെയ്യുന്നു.

**ആഘോഷങ്ങളിലും അനുഷ്ഠാനങ്ങളിലും ആർഭാടം**

➢മാർക്കറ്റിലെ വിപണന തന്ത്രങ്ങൾ കടമെടുക്കുന്ന പെരുകുന്ന തീർത്ഥാടന കേന്ദ്രങ്ങളും, വർദ്ധിച്ചുവരുന്ന പെരുന്നാളാഘോഷവും വാഗ്ദാനങ്ങളാൽ ഊതിവീർപ്പിക്കപ്പെടുന്ന നൊവേനകളും

➢പ്രൗഡിയുടെയും, ധൂർത്തിന്റെയും കപട പ്രശസ്തിയുടെയും പ്രകടനങ്ങളായി മാറുന്ന മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, വിവാഹം, ജൂബിലി, തിരുപ്പട്ടം, സന്യാസവ്രതവാഗ്ദാനം, മരണ വാർഷികം മുതലായവ.

**പരിഹാരം ലളിത ജീവിതമാണ് – ചില പ്രായോഗിക ചിന്തകൾ**

**1. അജപാലന നേതൃത്വം**

➢അജപാലകർ തങ്ങളുടെ ശുശ്രൂഷയിൽ എല്ലാവർക്കും പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് സംലഭ്യരാണോ?

➢വസ്ത്രം, യാത്ര, ജീവിതോപകരണങ്ങൾ എന്നിവയിൽ ലാളിത്യം സ്വീകരിക്കുന്നവരാണോ?

➢അജഗണങ്ങളോടുള്ള ഇടപെടൽ കാരുണ്യത്തോടെയാണോ?

➢പാവപ്പെട്ടവരുമായി സമയത്തോടൊപ്പം സമ്പത്ത് പങ്കുവയ്ക്കുന്നതിനുള്ള അവസരങ്ങൾ ഉപയോഗിക്കുന്നവരാണോ?

➢നീതിക്കുവേണ്ടിയുള്ള സമരങ്ങളിൽ സജീവമായി പങ്കുകൊള്ളുന്നവരാണോ?

**2. സഭയിലെ സന്യസ്തർ**

➢ലളിതമായ ജീവിതം നയിക്കുന്നവരാണോ?

➢ദരിദ്രർ, രോഗികൾ, അവഗണിക്കപ്പെട്ടവർ എന്നിവരോട് പ്രത്യേകം പരിഗണന കാണിക്കുന്നവരാണോ സന്യസ്തർ?

➢സ്ഥാപനങ്ങളുടെ സുരക്ഷിത താവളങ്ങളിൽ ഒതുങ്ങിക്കൂടുന്നവരാണോ?

**3. ഇടവകയും അജപാലന ശൈലികളും**

➢ലാളിത്യവും ആത്മീയോത്ക്കർഷവുമാണോ ഇടവകയുടെ പ്രധാന ലക്ഷ്യങ്ങൾ?

➢അതിരുകടന്ന ആഘോഷങ്ങൾക്കും അനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും വ്യർത്ഥമായ പല ആചാരങ്ങൾക്കും ഇടവകയിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുമോ?

➢സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഇടവകയും, രൂപതയും സന്യാസ ഭവനങ്ങളും സുതാര്യത ഉറപ്പുവരുത്തുന്നുണ്ടോ?

➢ആദിമ സഭാസമൂഹത്തെപ്പോലെ പ്രാർത്ഥന, അപ്പം മുറിക്കൽ കൂട്ടായ്മ എന്നിവയിൽ വാർത്തെടുക്കപ്പെട്ട യഥാർത്ഥ ക്രൈസ്തവ സമൂഹങ്ങളായി ഇടവകകൾ മാറുന്നുണ്ടോ?

➢കാരുണ്യ പ്രവർത്തികൾക്ക് വേണ്ടത്ര പരിഗണന കൊടുക്കുന്നുണ്ടോ? ആഘോഷങ്ങൾക്കായി സ്വരുക്കൂട്ടുന്ന പണത്തിന്റെ ഒരു നല്ല ശതമാനം പാവപ്പെട്ടവനെ സഹായിക്കുന്ന കാരുണ്യ നിധിക്കായി മാറ്റിവെക്കുന്നുണ്ടോ?

**4. ക്രിസ്തീയ കുടുംബം**

➢കുടുംബങ്ങളിൽ സ്നേഹത്തിലധിഷ്ഠിതമായ മാതൃകാ ജീവിതം, ഒരുമിച്ചിരുന്നുള്ള ദൈവവചന വായന, പ്രാർത്ഥന ഇവയുണ്ടോ?

➢വി. കുർബ്ബാനയിലും മറ്റ് കൂദാശകളിലും കുടുംബാംഗങ്ങൾ ഒരുമിച്ച് പങ്കുചേരുന്നുണ്ടോ?

➢മക്കളെ ദൈവവിശ്വാസത്തിലും, സഹോദരസ്നേഹത്തിലും വളർത്താൻ താത്പര്യം കാണിക്കാറുണ്ടോ?

➢സമ്പത്തിനോടും വിഭവങ്ങളോടും നീതിപൂർവ്വകമായ സമീപനം മാതാപിതാക്കളിൽ നിന്ന് മക്കൾക്ക് പഠിക്കാൻ സാധിക്കുന്നുണ്ടോ?

➢കുടുംബങ്ങളിലെ ആഘോഷങ്ങളിൽ ധൂർത്ത് ഒഴുവാക്കുകയും പാവങ്ങളെ സഹായിക്കുകയും ചെയ്യാറുണ്ടോ?

*ലാളിത്യം ധൂർത്തിനെയും സ്വാർത്ഥതയെയും പാപമായി കാണാൻ നമ്മെ ഓർമിപ്പിക്കുന്നു. ലാളിത്യം ക്രിസ്തുവിന്റെ എന്നപോലെ സഭയുടെയും ജീവിത ശൈലിയായി നമ്മിലൂടെ രൂപപ്പെടട്ടെ. അപ്പോൾ മാത്രമാണ് സഭ ക്രിസ്തുവിനെ ലോകത്തിന് സംലഭ്യമാക്കുക.*

**ചർച്ച ചെയ്യാം:**

➢ലളിത ജീവിതം എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നത് എന്ത്.?

ലളിത ജീവിതത്തിന് തടസ്സമായി സഭയിലും വ്യക്തി ജീവിതത്തിലും കണ്ടുവരുന്ന ആധുനീക പ്രവണതകൾ ഏതെല്ലാം? അവയെ അതിജീവിക്കുവാൻ സ്വീകരിക്കുന്ന സമീപനങ്ങൾ നിർദ്ദേശിക്കുക.

➢ആർഭാടവും കച്ചവട മനസ്ഥിതിയും സഭാമക്കളുടെ വ്യക്തി ജീവിതത്തെയും, കുടുംബജീവിതത്തെയും സമൂഹ ജീവിതത്തെയും സാരമായി ബാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള പ്രായോഗിക പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുക.

➢സഭയുടെ സ്ഥാപനങ്ങളും ഇടവകയും ലാളിത്യ ആദ്ധ്യാത്മി കതയുടെ പ്രഘോഷണത്തിന് തടസ്സങ്ങളാണോ?

ലളിത ജീവിതം സ്വന്തമാക്കുവാൻ അജപാലന നേതൃത്വവും സന്യാസ സമൂഹങ്ങളും ഇടവകകളും കുടുംബങ്ങളും വ്യക്തികളും എന്തെല്ലാം ക്രിയാത്മക ശൈലികൾ സ്വീകരിക്കുന്നു?

## കുടുംബത്തിന്റെ സാക്ഷ്യം

''ക്രൈസ്തവ കുടുംബം വ്യക്തികളുടെ കൂട്ടായ്മയാണ്. പരിശുദ്ധാത്മാവിൽ പിതാവിന്റെയും പുത്രന്റെയും സംസർഗത്തിന്റെ അടയാളവും ഛായയുമാണ്'' (ccc 2205)

കുടുംബത്തിന്റെ സുവിശേഷം: ദൈവം ദമ്പതികളെ തന്റെ ഛായയും സാദൃശ്യവും കൊണ്ട് മുദ്രിതമാക്കുന്നു. പുരുഷൻ ഒറ്റയ്ക്ക് ദൈവത്തിന്റെ ഛായയല്ല. സ്ത്രീയും ഒറ്റയ്ക്ക് ദൈവത്തിന്റെ ഛായയല്ല. മറിച്ച് സ്ത്രീയും പുരുഷനും ദമ്പതികൾ എന്ന നിലയിലാണ് ദൈവത്തിന്റെ ഛായയായിരിക്കുന്നത്. (ഫ്രാൻസിസ് പാപ്പ)

– സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണ്. സ്ത്രീയും പുരുഷനും പരസ്പരം പൂർണ്ണമാകുന്നു, രണ്ടുപേരും തുല്യ മഹത്ത്വമുള്ള വ്യത്യസ്ത വ്യക്തികളാണ്.

– വിശുദ്ധ ഗ്രന്ഥവും സഭയുടെ ഔദ്യോഗിക പ്രബോധനവും ദാമ്പത്യ പ്രവർത്തിയെ പരിശുദ്ധ കർമ്മമായി കാണുന്നു. അത് അവരുടെ സ്നേഹപൂർണ്ണവും അഭേദ്യവുമായ ബന്ധത്തിന്റെ

പ്രകാശനമാണ്. തങ്ങളുടെ ക്രൈസ്തവ വിവാഹം പൂർണ്ണതയോടും സന്തോഷത്തോടും കൂടെ ജീവിക്കുന്ന ദമ്പതികൾ അവിഭാജ്യതയുടെയും ദാമ്പത്യ വിശ്വസ്തതയുടെയും മൂല്യത്തിന് സാക്ഷ്യം വഹിക്കുന്നവരാണ്.

– കുടുംബം 'ഗാർഹിക സഭയാണ്'. അവിടെ മാതാപിതാക്കൻമാർ വിശ്വാസം പ്രസംഗിക്കുകയും ഓരോ അംഗത്തിന്റെയും വിളി എന്താണെന്ന് തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു. കുടുംബം സമൂഹത്തിന്റെ അടിസ്ഥാന കോശമാണ്. മാനുഷികതയുടെ വിദ്യാലയമായ കുടുംബത്തിലാണ് ബന്ധങ്ങളെ വിലമതിക്കാൻ പഠിക്കുന്നത്. 'മനുഷ്യൻ എന്തിന് കുടുംബമായി ജീവിക്കണം? ഇത് ആര് കണ്ട് പിടിച്ച സംവിധാനമാണ്?' എന്ന് പലരും ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ വിവാഹത്തിന്റെ യഥാർത്ഥ സ്വഭാവവും കുടുംബത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ദൗത്യങ്ങളും അംഗീകരിക്കുകയും സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യാൻ സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ സമിതികൾക്കും കടമയുണ്ട്.

**ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികൾ**

1. കുടുംബത്തിന്റെ ഘടനയും സുസ്ഥിരതയും :

–വിവാഹത്തേയും കുടുംബത്തേയും കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങൾക്ക് വിരുദ്ധമായി സിവിൽ പരമായി വിവാഹ മോചനം നേടുന്നവർ, കൂടിത്താമസിക്കുന്നവർ, വന്ധ്യതയുള്ളവർ, ഒരു പങ്കാളിയുടെ മരണമോ വിവാഹ മോചനമോ മൂലമുള്ള ഏക പേരന്റിങ് എന്നിവ വർദ്ധിക്കുന്നു. സീറോമലബാർ സഭയിലെ കുടുംബങ്ങളിൽ മക്കളുടെ സംഖ്യ വല്ലാതെ കുറയുന്നു.

–നമ്മുടെ യുവജനങ്ങളുടെയിടയിൽ വിവാഹത്തേയും കുടുംബത്തെയും കുറിച്ചുള്ള സഭാദർശനങ്ങൾ ഒരു ന്യൂ ജനറേഷൻ പരിവർത്തനത്തിന് വിധേയമാകുകയും മാതൃകാപരമായ പെരുമാറ്റം, നന്നായി ഒരുങ്ങിയുള്ള വിവാഹം, സന്തോഷകരമായ കുടുംബം, വിശ്വാസ ജീവിതം എന്നീ ആശയങ്ങൾ കച്ചവടവത്കരിക്കപ്പെടുകയും ചെയ്യുന്നു.

2. സ്നേഹവും വൈകാരിക പക്വതയും:

വ്യത്യസ്ത കാരണങ്ങളാൽ ആധുനിക കുടുംബത്തിൽ സ്നേഹത്തിന് ഭംഗം ഉണ്ടാകുന്നു.

– പരസ്പര സ്നേഹവും ശ്രദ്ധയും നഷ്ടമാകുന്ന ദമ്പതികൾ, മാതാപിതാക്കളുടെ സ്നേഹത്തിനും ഊഷ്മളതയ്ക്കുംവേണ്ടി ദാഹിക്കുന്ന അനേകം കുട്ടികൾ, മക്കളിൽ നിന്നും പേരക്കിടാങ്ങളിൽ നിന്നും വേണ്ടത്ര സ്നേഹവും ശ്രദ്ധയും കിട്ടാത്തതുകൊണ്ട് വാർദ്ധക്യം ക്ലേശപൂർണ്ണമാകുന്ന വൃദ്ധമാതാപിതാക്കൾ.

–ടിവി ചാനലുകൾ വിവേചനമില്ലാതെ ഉപയോഗിക്കുന്നതി ലൂടെയും ഇന്റർനെറ്റ്, മൊബൈൽ ഫോൺ ഇവയുടെ ദുരുപയോഗം വഴിയും സ്നേഹ ലൈംഗിക ജീവിതത്തിന്റെ പ്രാരംഭദശയിൽ നിന്ന് വളരാൻ സാധിക്കാതെ പോകുന്ന കുഞ്ഞുങ്ങൾ

– കുടുംബാംഗങ്ങൾ തമ്മിലും ബന്ധുക്കളും അയൽവക്കങ്ങളും തമ്മിലുള്ള ബന്ധങ്ങളുടെ കുറവ് (സ്വകാര്യതയെക്കുറിച്ചുള്ള വികലമായ ധാരണ)

– വിവാഹം താമസിപ്പിക്കുകയോ വിവിധ കാരണങ്ങളാൽ വിവാഹം ഒഴിവാക്കുകയോ ചെയ്യുന്നവരുടെ സംഖ്യയിലുള്ള വർദ്ധന.

– മാതാപിതാക്കൻമാരുടെ ദുർമാതൃക, ഗാർഹിക പീഢനം, പരസ്പര വഞ്ചന ഇവയുടെ വർദ്ധനവ്.

**പ്രായോഗിക വഴികൾ:**

– (A)കുടുംബത്തിന്റെ ശ്രേഷ്ഠമായ ദൈവശാസ്ത്രം, കുടുംബത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചുമുള്ള സഭയുടെ പ്രബോധനങ്ങൾ ഓരോ പ്രാദേശിക സഭയും പഠിപ്പിക്കണം

- (B) ഗർഭഛിദ്രം അവസാനിപ്പിക്കാനും കുടുംബത്തിന്റെ വലിപ്പം വർദ്ധിപ്പിക്കാനും ജീവനോടുള്ള ആദരം പുനരുദ്ധരിക്കാനുമുള്ള ഉദ്യമങ്ങളെ പിൻതാങ്ങണം.

–കുടുംബപ്രാർത്ഥനയെ പ്രോത്സാഹിപ്പിക്കുകയും, മിശ്രവിവാഹിതർ, വിവാഹം മോചിപ്പിക്കപ്പെട്ടവർ, വീണ്ടും വിവാഹം ചെയ്തവർ എന്നിവരുടെ കുടുംബങ്ങൾക്ക് കൂടുതൽ അജപാലന ശ്രദ്ധ നൽകുകയും ചെയ്യുക.

–സഭാ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിൽ മക്കളുടെ കടമകളെക്കുറിച്ചും മാതാപിതാക്കളുടെ കടമകളെക്കുറിച്ചും അവരെ പഠിപ്പിക്കണം.

– കുടുംബങ്ങൾക്കും വ്യക്തികൾക്കും വ്യക്തിപരമായ പ്രത്യേക ശ്രദ്ധ കൊടുക്കുന്ന കുടുംബ കൗൺസിലിങ്ങിന്റെയും ഹോം മിഷന്റെയും രീതികൾ പ്രോത്സാഹിപ്പിക്കുക.

– വിവാഹ ഒരുക്ക കോഴ്സുകൾ കാലത്തിനനുസരിച്ച് നവീകരിക്കുകയും വിവാഹത്തിനുശേഷവും കുടുംബ ജീവിത തുടർ പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുകയും ചെയ്യുക.

– കുടുംബ പ്രേഷിതത്വം വൈദിക – സന്യസ്ത പരിശീലന കേന്ദ്രങ്ങളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

– ശരിയായ ലൈംഗിക വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക.

–ഗവൺമെന്റിൽ നിന്നുള്ള പൊതു സഹായങ്ങൾ നേടിയെടുക്കുന്നതിന് കുടുംബങ്ങളെ സഹായിക്കുന്ന ഒരു സംവിധാനം രൂപവൽക്കരിക്കുക.

'കുടുംബം ഭൂമിയിൽ സ്വർഗ്ഗത്തിന്റെ സാദൃശ്യമാണ്' നമ്മുടെ കുടുംബങ്ങൾ തിരുക്കുടുംബത്തിന്റെ മാതൃകയിൽ വളരുകയും ക്രൈസ്തവ വിവാഹ ബന്ധങ്ങൾ സഭയും ക്രിസ്തുവുമായുള്ള ബന്ധം പോലെ പരിശുദ്ധമാകുകയും ചെയ്യട്ടെ.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. ക്രൈസ്തവ കുടുംബത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥവും സഭയുടെ പ്രബോധനാധികാരവും നല്കുന്ന പ്രബോധനാധികാരത്തെക്കുറിച്ച് നമ്മുടെ കുടുംബങ്ങൾക്ക് എന്ത് അവബോധമാണുള്ളത്? കുടുംബ ദൈവശാസ്ത്രത്തിന്റെ ഏതേതു വശങ്ങളാണ് ഇന്ന് ഊന്നിപ്പറയേണ്ടത്?

2. കുടുംബത്തിൽ എല്ലാവർക്കും സ്ത്രീ പുരുഷൻമാരുടെ തുല്യ മഹത്ത്വത്തെക്കുറിച്ച് അവബോധമുണ്ടോ?

3. സീറോമലബാർ സമൂഹങ്ങളിൽ കുടുംബങ്ങളിലെ അംഗസംഖ്യ കുറയുന്ന പ്രശ്നത്തെ എങ്ങനെ നമുക്കു ഫലപ്രദമായി നേരിടാനാവും?

അംഗത്വ നവീകരണവും അംഗത്വ സ്വീകരണവും നടത്തി. നോമ്പുകാലത്ത് കുരിശിന്റെ വഴിയിലും വി.കർബ്ബാനയിലും പങ്കെടുത്തു. ഇടവകയിലെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. ആനിമേറ്റർ സി.ടെസ്സിയുടെ നേതൃത്വത്തിൽ എല്ലാ ശനിയാഴ്ചയും പള്ളിയും പരിസരവും വൃത്തിയാക്കുന്നു. കെ സി വൈ എം രൂപതയുടെ നേതൃത്വത്തിൽ നടന്ന ദണ്ഡവിമോചനയാത്രയിൽ 8 പേർ പങ്കെടുത്തു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ** -രൂപത സെക്രട്ടറി
**സിബിൻ പാലമൂട്ടിൽ** - ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ മാർച്ച് 18 മുതൽ 21 വരെ നടന്ന കോഴ്സിൽ 118 പേരും ഏപ്രിൽ 3 മുതൽ 6 വരെ നടന്ന കോഴ്സിൽ 121 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| മെയ് | 6-9 | - ബോയ്സ് ടൗൺ തലപ്പുഴ |
| മെയ് | 22-25 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂൺ | 24-27 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ | 24-27 | - പാസ്റ്ററൽ സെന്റർ ദ്വാരക |

**മാതൃവേദി രൂപതാ എക്സിക്യൂട്ടീവ്**

09.04.2016 -ന് എക്സിക്യൂട്ടീവ് ചേർന്നു. ഏപ്രിൽ 16-ാം തീയതി നടക്കുന്ന രൂപത കലാമൽസരങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. ഏകസ്ഥർക്കായി നടത്തുന്ന ധ്യാനം, സമ്മാനകൂപ്പൺ, മെയ് 14-ന് നടത്തുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് ഈ വിഷയങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

**മാതൃവേദി രൂപതാ കലാ സാഹിത്യ മത്സരങ്ങൾ**

മാതൃവേദി രൂപത കലാ സാഹിത്യ മത്സരങ്ങൾ 2016 ഏപ്രിൽ 16 -ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. 12 മേഖലകളിൽ നിന്നായി 283 പേർ മൽസരങ്ങളിൽ പങ്കെടുത്തു. മൽസരങ്ങളിൽ കല്ലോടി ഫൊറോന 37 പോയിന്റുകൾ നേടി ഒന്നാം സ്ഥാനവും, ചുങ്കക്കുന്ന് ഫൊറോന 28 പോയിന്റുകൾ നേടി രണ്ടാം സ്ഥാനവും, തരിയോട് ഫൊറോന 22 പോയിന്റുകൾ നേടി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മൽസരങ്ങളിൽ സജീവമായി പങ്കെടുത്ത മാതൃവേദി അംഗങ്ങൾക്കും നേതൃത്വം നൽകിയ മേഖലാ ശാഖാ ഭാരവാഹികൾക്കും ഹൃദ്യമായ നന്ദി. കുറ്റമറ്റ രീതിയിൽ മത്സരങ്ങൾ നടത്തുവാൻ സഹായിച്ച രൂപതാ നേതൃത്വത്തെ നന്ദിയോടെ ഓർക്കുന്നു. മൽസരത്തിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ നേരുന്നു. പുതു ചൈതന്യത്തോടെ തുടർപ്രവർത്തനങ്ങൾ സജീവമാകട്ടെയെന്ന് ആശംസിക്കുന്നു.

**മൽസരഫലം**

**ഉപന്യാസം:** ബീന കുര്യക്കാട്ടിൽ കല്ലോടി-I, മേരി വട്ടയ്ക്കാമുകളേൽ കാവുംമന്ദം – II, മേഴ്സി മുള്ളൂരിക്കൽ കേണിച്ചിറ – III, **കഥ:** ശാന്തിന മൂലച്ചിറ പുതുശ്ശേരിക്കടവ് –I, റജീന പൂവക്കോട്ട് കുഞ്ഞോം – II, ഷീജ കാഞ്ഞിരക്കാട്ട് കണിയാരം– III, **കവിത:** ജാൻസി കിഴക്കേഭാഗത്ത് അരുൾനിലയം I, ബീന കുര്യക്കാട്ടിൽ കല്ലോടി – II, റജീന നടാംകണ്ടത്തിൽ തവിഞ്ഞാൽ – III, **ബൈബിൾ വാക്യ പഠനം:** മിനി ജെയിംസ് മലാന കൊളവയൽ I, എൽസമ്മ മുരിങ്ങമറ്റം പനമരം –II, മിനി തടത്തിൽ മണിമൂളി –III, **ഓർമ്മ പരിശോധന:** അജിത തോമസുകുട്ടി കിഴക്കേക്കര തലഞ്ഞി – I, ലൗലി മൂപ്പാട്ടിൽ മുതിരേരി – II, മേരിക്കുട്ടി കുന്നത്തുകുഴി കമ്മന –III, **ക്വിസ്:** ലിസി വട്ടുകുളത്തിൽ ചുങ്കക്കുന്ന് – I, ലൈല പടിഞ്ഞാറേമുറിയിൽ അരുൾനിലയം – II, ആൻസി മറ്റത്തിൽ മരകാവ്– III, **ബൈബിൾ വായന:** ബിജി മേമടത്തിൽ തോണിച്ചാൽ –I, പ്രിയ ഷൈജൻ തടങ്ങഴി ചുങ്കക്കുന്ന് – II, ജിൽസ ഷാജു മുണ്ടമറ്റം തേൾപ്പാറ – III, **പ്രസംഗം:** റോഷ്നി പന്തക്കൽ കമ്മന –I, ബിജി മേമടത്തിൽ തോണിച്ചാൽ – II, ഷൈനി കുളങ്ങര തലഞ്ഞി –III, **മോണോ ആക്ട്:** ഷീല ചെറുപ്ലാവിൽ കല്ലോടി –I, ലിനറ്റ് ചെറുപറമ്പിൽ നിലമ്പൂർ –II, സ്മിത പുന്നയ്ക്കാപ്പടവിൽ കാവുംമന്ദം – III, **ലളിത ഗാനം:** ലിൻസി ഷാജി മണക്കാട്ട് ചുങ്കക്കുന്ന് –I, സംഗീത പ്രകാശ് നടവയൽ – II, റാണി മന്ത്രിക്കൽ കൽപറ്റ – III, **ബൈബിൾ സ്കിറ്റ്:** ലിസി തോപ്പുറത്ത് & പാർട്ടി കാവുംമന്ദം –I, പ്രിയ നെല്ലിക്കുന്നേൽ & പാർട്ടി എടപ്പെട്ടി – II, ഷൈജ മാക്കിയിൽ & പാർട്ടി പനമരം – III, **സംഘഗാനം:** ലിൻസി ഷാജി മണക്കാട്ട് & പാർട്ടി ചുങ്കക്കുന്ന് –I, ഷിജി കൊച്ചുകുടിയിൽ & പാർട്ടി യവനാർകുളം – II, എൽബി ഊക്കൻ & പാർട്ടി പുതിയിടംകുന്ന് – III, **ആന്തം:** മേഴ്സി അമ്പാട്ട് & പാർട്ടി പുതിയിടംകുന്ന് –I, ലിൻസി ഷാജി മണക്കാട്ട് & പാർട്ടി ചുങ്കക്കുന്ന് – II, ജിൻസി തുറവേലിക്കുന്നേൽ & പാർട്ടി കാവുംമന്ദം – III.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ ഏപ്രിൽ 12–ാം തീയതി മാനന്തവാടി ജില്ലാ ആശുപത്രിയിൽ രോഗികൾക്ക് ഉച്ചഭക്ഷണം നൽകി. എല്ലാ ശാഖകളിലേയും മാതൃവേദി എക്സിക്യൂട്ടിവ് അംഗങ്ങൾ ഈ ഉദ്യമത്തിൽ പങ്കാളികളായി.

**പയ്യമ്പള്ളി മേഖല**

മാർച്ച് 19 –ന് കൈതക്കൊല്ലി കുരിശടിയിൽ നിന്ന് മേരിമാതാ കോളേജിലേക്ക് കുരിശിന്റെ വഴി നടത്തി. ഏപ്രിൽ 4–ന് മേഖല

കലാമൽസരങ്ങൾ നടത്തി. പയ്യമ്പള്ളി, കമ്മന, പടമല എന്നീ ശാഖകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വ്യക്തിഗത ചാമ്പ്യൻഷിപ്പ് പയ്യമ്പള്ളി ശാഖയിലെ ആഷ്‌ലി ഇണ്ടികുഴയും നേടി.

**കല്ലോടി മേഖല**

മാർച്ച് 13 –ന് എക്സിക്യൂട്ടിവ് ചേർന്നു. മാർച്ച് 19 –ന് പിതൃദിനം ആചരിച്ചു. അരിശേഖരണം നടത്തി. ഗവൺമെന്റ് ആശുപത്രിയിൽ ഉച്ചഭക്ഷണം നൽകി.

**വെള്ളൂന്നി**

മാർച്ച് 4 –ന് ബോധവൽക്കരണ സെമിനാർ നടത്തി. മാർച്ച് 7–ന് പിടിയരിശേഖരിച്ച് ഇടവകയിലെ ജാതിമത ഭേദമെന്യേ നിർധനകുടുംബങ്ങൾക്ക് നൽകി. മാർച്ച് 11–ന് അവയവദാന കാർഡുകൾ വിതരണം ചെയ്തു. ഇടവകയിലെ ഒരു നിർധന കുടുംബത്തിന് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള ധനശേഖരണാർത്ഥം വാർഡു ലീഡർമാർ ഭവനങ്ങൾ സന്ദർശിച്ചു.

**പുതിയിടംകുന്ന്**

ഈസ്റ്റർ ദിനത്തിൽ 50 പൊതിച്ചോറ് ആകാശപറവകൾക്ക് വിതരണം ചെയ്തു. അമ്മമാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി.

**അരിഞ്ചേർമല**

എമ്മാവൂസ് ഭവനിൽ വസ്ത്രം, അരി, തേങ്ങ എന്നിവ നൽകി. നടവയൽ ഫൊറോനയിൽ നടത്തപ്പെട്ട ദമ്പവിമോചന പ്രാർത്ഥനയിൽ പങ്കെടുത്തു.മേഖലാ സാഹിത്യ മൽസരത്തിൽ രണ്ടാം സ്ഥാനം നേടി. മേഖലാ കലാമൽസരത്തിൽ മൂന്നാം സ്ഥാനം നേടി. വിവാഹ സഹായം 5000/– നൽകി. ഭവന നിർമ്മാനത്തിനായി 5000/–നൽകി.

**പൂക്കോട്ടുംപാടം**

മാതൃവേദി അംഗങ്ങൾ ചോക്കാട് ശാന്തി സദനത്തിലെ 52 അന്തേവാസികൾക്കും ഉപ്പുവള്ളി അഭയഭവനിലെ 10 അന്തേവാസി കൾക്കും പുതിയ വസ്ത്രങ്ങൾ നൽകി.

**മഞ്ഞൂറ**

മാർച്ച് 12–ന് നടത്തിയ മേഖലാ കലാമൽസരത്തിൽ പങ്കെടുത്തു. മാർച്ച് 20–ന് എക്സിക്യൂട്ടിവ് ചേർന്നു. മാർച്ച് 2–ന് ബഹു. വികാരിയച്ചനും ഭാരവാഹികളും ഓസാനാംഭവൻ സന്ദർശിച്ചു.

**ഫാ. മാത്യു പെരിയപ്പുറം** – ഡയറക്ടർ, കുടുംബപ്രേഷിതത്വം

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗ് 1-4-2016**

2016 ഏപ്രിൽ 1 ആദ്യവെള്ളി സീയോൻ ശുശ്രൂഷകർ ടീം മീറ്റിംഗിനായി ഒരുമിച്ചുകൂടി. അറിയിപ്പുകൾക്കുശേഷം ഒരുക്ക ശുശ്രൂഷ നടത്തി. 6-30 ന് ജാഗരണ പ്രാർത്ഥന, കുരിശിന്റെ വഴി, വി. കുർബാന 12 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിനകൺവെൻഷൻ 2-4-2016**

ഏകദിനകൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷകൾ 6 മണിക്ക് ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവ നടത്തി പ്രാർത്ഥിച്ച് ഒരുങ്ങി. 8.45 ന് കൺവെൻഷൻ ആരംഭിച്ചു. റവ.ഫാ. ചാണ്ടി പുനക്കാട്ട് വി. കുർബാന അർപ്പിച്ച് വചനപ്രഘോഷണം നടത്തി. അനുഭവ സാക്ഷ്യത്തെത്തുടർന്ന് ദിവ്യകാരുണ്യ ആരാധനയും പ്രദക്ഷിണവും നടത്തി. മൂന്നരയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ആന്തരികസൗഖ്യ ധ്യാനം ഏപ്രിൽ 10-14**

ഏപ്രിൽ മാസം 10 മുതൽ 14 വരെ സീയോൻ ധ്യാനകേന്ദ്രത്തിൽ ആന്തരികസൗഖ്യ ധ്യാനം നടത്തപ്പെട്ടു 110 പേർ ധ്യാനത്തിൽ സംബന്ധിച്ചു.

**സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം**

മാർച്ച് മാസത്തിന്റെ 3-ാം ശനി രാവിലെ 9.30 ന് ജപമാലയോടെ ശുശ്രൂഷകൾ ആരംഭിച്ചു. റവ. ഫാ. പ്രിയേഷ് MCBS വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. കുമ്പസാരം, ആത്മീയപങ്കുവയ്ക്കൽ എന്നിവയ്ക്ക് സൗകര്യം ഒരുക്കി.

**പൊതു സ്പിരിച്ച്വൽ ഷെയറിംഗ് 9-4-2016 (രണ്ടാം ശനി)**

രണ്ടാം വെള്ളി കൗൺസിലേഴ്സ് ശുശ്രൂഷയ്ക്കായുള്ള ഒരുക്കത്തിന്റെ ഭാഗമായി ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ പ്രാർത്ഥനയിൽ ചില വഴിച്ചു. ഏപ്രിൽ 9 രണ്ടാംശനി 98 പേർക്ക് സ്പിരിച്ച്വൽ ഗൈഡൻസ് നൽകി.

**രണ്ടാം ശനി-ദമ്പതീകൂട്ടായ്മ 9-4-2016**

ദമ്പതികൾ ഒരുമിച്ച് 10 മണിക്ക് ജപമാലചൊല്ലി ശുശ്രൂഷയി

ലേക്ക് പ്രവേശിച്ചു പരി. കുർബാനയുടെ ആരാധനക്ക് ശേഷം ബഹു. ബാബു മൂത്തേടത്തച്ചൻ വി. കുർബാന അർപ്പിച്ച് വചനവ്യാഖ്യാനം നടത്തി. ഗ്രൂപ്പ് ഷെയറിംഗിനോടുകൂടി ശുശ്രൂഷകൾ സമാപിച്ചു.

**ഇടവകനവീകരണ ധ്യാനങ്ങൾ**

ദീപ്തിഗിരി, ചുള്ളിയാന, മംഗലശേരി എന്നീ ഇടവകകളിൽ ഇടവക ധ്യാനങ്ങൾ സീയോൻ ടീമിന്റെ നേതൃത്വത്തിൽ നടത്തി.

**സീയോൻ മെയ്മാസത്തിൽ**

| | | | |
|---|---|---|---|
| മെയ് | 6 | ആദ്യവെള്ളി | – ടീം മീറ്റിംഗ് |
| മെയ് | 7 | ആദ്യശനി | – ഏകദിനകൺവെൻഷൻ |
| മെയ് | 9–12 | | – ക്രിസ്റ്റീൻ ധ്യാനം(മേരിമാതാ കോളേജ്) |
| മെയ് | 14 | രണ്ടാംശനി | – ദമ്പതീകൂട്ടായ്മ, യുവജനദിനം സ്പിരിച്ച്വൽ ഷെയറിംഗ് ദിനം |
| മെയ് | 20 | മൂന്നാം വെള്ളി | – ജാഗരണപ്രാർത്ഥന |
| മെയ് | 21 | മൂന്നാംശനി | – സിസ്റ്റേഴ്സിന്റെ പ്രർത്ഥനാദിനം |
| മെയ് | 28–31 | | – ദമ്പതീ ധ്യാനം |
| മെയ് | 28 | നാലാംശനി | – രോഗികൾക്കായുള്ള സൗഖ്യശുശ്രൂഷാദിനം |

**ഡയറക്ടർ** – സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ ഏറ്റവും സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ,

"കർത്താവിൽ ആനന്ദിക്കുക; അവിടുന്ന് നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരും." മേയ് ഒന്ന് ലോകതൊഴിലാളിദിനം, തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ എന്നിങ്ങനെ മേയ് മാസം വിശേഷിക്കപ്പെടുമ്പോൾ വേനൽക്കാലം എന്നുകൂടി ഓർമ്മിപ്പിക്കട്ടെ! വരൾച്ച എങ്ങും വ്യാപിക്കുന്ന കാലമാണല്ലോ. ആയതിനാൽ കരുണയുടെ നാഥനോട്, പ്രത്യാശയുടെ നാഥനോട് നമുക്കും ലോകം മുഴുവനിലും അവിടെ കരുണ വർഷിക്കണമേ എന്ന് പ്രാർത്ഥിക്കുന്നതിനോടൊപ്പം നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റേയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസാനാമിന്റെയും മാദ്ധ്യസ്ഥവും ലോകമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും പരിപൂർണ്ണ സംരക്ഷണവും പരിശുദ്ധാത്മാവിന്റെ നിറവും നമുക്കപേക്ഷിക്കാം. കാരുണ്യവർഷത്തിൽ സഭയോട് ചേർന്ന് പരസ്നേഹ പ്രവർത്തനങ്ങളിൽ കൂടുതൽ ശുഷ്കാന്തിയോടെ കൈകൾ കോർക്കാം. അവശരും, അനാഥരും ആലംബഹീനരുമായ അനേകം സഹോദരങ്ങൾ നമ്മെ കാത്തിരിക്കുന്നു. സമ്പത്തിന്റേയും സമയത്തിന്റേയും ഒരോഹരി അവർക്ക് വേണ്ടി സമർപ്പിച്ച് അവരിൽ ഒരാളായി അവർക്കെല്ലാവർക്കും ഒരാശ്വാസമാകുവാൻ പരിശ്രമിക്കാം.

**തിരഞ്ഞെടുപ്പ് ഓസാനാം ഭവൻ**

2016 ഏപ്രിൽ 14-ാം തീയതി ഓസാനാംഭവനിൽ വെച്ച് ചേർന്ന ജനറൽ ബോഡി യോഗത്തിൽവെച്ച് 2016-17 വർഷത്തേക്ക് ഓസാനാം ഭവനിലെ ഗവേണിംഗ് ബോഡി തിരഞ്ഞെടുത്തു.

1. റവ.ഫാ. ഷാജി മുളകുടിയാങ്കൽ - ആത്മീയോപദേഷ്ടാവ്
2. ബ്രദർ തോമസ് മാങ്ങൻ - ചെയർമാൻ
3. ബ്രദർ വിൻസെന്റ് ജോൺ - സെക്രട്ടറി

4. ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ – ട്രഷറർ
5. ബ്രദർ ഷാജൻ തലച്ചിറ – ജോയിന്റ് സെക്രട്ടറി
6. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ
7. ബ്രദർ ജോണി പാറ്റാനി
8. ബ്രദർ ഡോ. മത്തായി പുളിയിലക്കാട്ട്
9. ബ്രദർ ജോർജ് പറമ്പിൽ
10. ബ്രദർ തോമസ് നെച്ചിക്കാട്ട്
11. ബ്രദർ ജോസ് ചാത്തമല

ഇന്റേണൽ ഓഡിറ്റേഴ്സ് ഓസാനാംഭവൻ

1. ബ്രദർ ബാബു നമ്പുടാകം, 2. ബ്രദർ ജിൽസ് എം മേക്കൽ എന്നിവരെ ഓസാനാം ഭവനിലെ 2016–17 വർഷത്തെ ഇന്റേണൽ ഓഡിറ്റേഴ്സ് ആയി തിരഞ്ഞെടുത്തു.

ഓസാനാംഭവനിൽ നടപ്പിലാക്കേണ്ട ചില പദ്ധതികൾ 2016 ഏപ്രിൽ മാസത്തിൽ അറിയിച്ചിരിക്കുന്നതുപോലെ സിസി പ്ലാൻ ചെയ്ത് എസി മുഖേന കോൺഫറൻസുകളിലേയ്ക്ക് അറിയിച്ച പ്രത്യേക ഫണ്ട് സ്വരൂപിച്ച് നൽകിയിട്ടില്ലാത്ത കോൺഫറൻസ് പ്രസിഡണ്ടുമാർ സഹകരിച്ച് എത്രയും പെട്ടെന്ന് ഫണ്ട് സ്വരൂപിച്ച് നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

– ഓസാനാം ഭവനിൽ കുഴൽകിണർ കുഴിച്ച് പ്രവർത്തനം ആരംഭിച്ചു.
– ബയോഗ്യാസ് പ്ലാന്റ് (വേസ്റ്റ് നിർമ്മാർജനത്തിന്) പുരോഗതിയിലാണ്.

അതിനാൽ ഫണ്ട് വളരെ അടിയന്തരമായി സ്വരൂപിച്ച് നൽകാൻ എസി, കോൺഫറൻസ് പ്രസിഡണ്ട്മാർ, മറ്റ് ഭാരവാഹികൾ ബഹു. വികാരി അച്ചന്മാരുമായി ബന്ധപ്പെട്ട് ആലോചിച്ച് തീരുമാനങ്ങൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സിസി യോഗം 2016 ഏപ്രിൽ 14–ാം തീയതി ഓസാനാം ഭവനിൽ വെച്ച് ബ്രദ. തോമസ് മാങ്ങൻ അദ്ധ്യക്ഷനായി, റവ.ഫാ. ഷാജി മുളകുടിയാങ്കൽ സാന്നിദ്ധ്യത്തിൽ സിസി യോഗം ചേർന്നു.

**യോഗതീരുമാനങ്ങൾ**

1. ബ്രദർ ജോൺ കണ്ണാട്ടുപറമ്പിൽ, മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 38–ാമത് വാർഷിക പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ചില ഭേദഗതികളോടെ വാർഷിക റിപ്പോർട്ട് യോഗം അംഗീകരിച്ചു.

2. 2016 മേയ് 10-ാം തീയതി ഓസാനാംഭവൻ അങ്കണത്തിൽ വെച്ച് നടത്തുന്ന 38-ാമത് വാർഷികാഘോഷ കാര്യപരിപാടികൾ

| | | |
|---|---|---|
| 9 am | രജിസ്ട്രേഷൻ | |
| 9.30 am | ദിവ്യബലി | - റവ.ഫാ. ഷാജി മുളകുടിയാങ്കൽ |
| 10.30 am | | - വാർഷികാഘോഷ പൊതുസമ്മേളനം |
| | പ്രാരംഭ പ്രാർത്ഥന | - ബ്രദർ ജെൻട്രി പോൾ |
| | ജ്ഞാനവായന | - സി. ബേബി മരിയ പുലിക്കോട്ടിൽ |
| | സ്വാഗതം | - ബ്രദർ ജോണി പാറ്റാനി |
| | അദ്ധ്യക്ഷൻ | - ബ്രദർ തോമസ് മാങ്ങൻ |
| | ഉദ്ഘാടനം | - അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് (ബത്തേരി രൂപത ബിഷപ്പ്) |
| | റിപ്പോർട്ട് | - ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ |
| | സന്ദേശം | - റവ.ഫാ. ഷാജി മുളകുടിയാങ്കൽ |
| | ആദരിക്കൽ | - |
| | ആശംസകൾ | - ബ്രദർ സുനിൽ ജെ. കുഴിവിളയിൽ (ബത്തേരി സിസി പ്രസിഡണ്ട്) |
| | | - ബ്രദർ പി.യു. ജോൺ |
| | | - ബ്രദർ അഡ്വ. ജോസിച്ചൻ കോര ജോസ് |
| | | - ബ്രദർ കെ.ജി. ജസ്റ്റിൻ |
| | | - മുൻ സിസി പ്രസിഡണ്ട്മാർ |
| | | - സമ്മാനദാനം |
| | ലഘുപ്രഭാഷണം | - ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ |
| | | - പൊതുചർച്ച |
| | | - നന്ദി |
| | | - സമാപന പ്രാർത്ഥന |
| | | - സ്നേഹവിരുന്ന് |

3) 2016 മെയ് 10-ാം തീയതി വാർഷികാഘോഷം വിജയപ്രദമാകുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ചുമതലപ്പെടുത്തി.

1) രജിസ്ട്രേഷൻ - ബ്രദർ ജോൺ കണ്ണാട്ടുപറമ്പിൽ & എല്ലാ എസി പ്രസിഡണ്ടുമാർ

2) പ്രോഗ്രാം കമ്മിറ്റി – ബ്രദർ ഷാജൻ തലച്ചിറ
– ബ്രദർ സണ്ണി ടി.ടി.
– ബ്രദർ ഡോ. മത്തായി പുളിയിലക്കാട്ട്
3) സ്വീകരണ കമ്മിറ്റി – ബ്രദർ ജോണി പാറ്റാനി
– ബ്രദർ ജിൽസ് എം മേക്കൽ
– ബ്രദർ ജോസ് വട്ടുകുളത്തിൽ
4) സ്റ്റേജ് പന്തൽ അലങ്കാരം – ബ്രദർ ജോർജ് പറമ്പിൽ & നടവയൽ എസി
5) ഭക്ഷണകമ്മിറ്റി – ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ & ബത്തേരി എസി
6) ട്രോഫി / പ്രൈസ് – ബ്രദർ ജെൻട്രി പോൾ
7) മെമന്റോ – ബ്രദർ ഡോ. മത്തായി പുളിയിലക്കാട്ട്
ബ്രദർ ബാബു നമ്പുടാകം

4) ബ്രദർ ജോർജ് ആക്കാന്തിരിയിൽ ഓസാനാം മാനേജരായി നോമിനേറ്റ് ചെയ്ത് നിയമിച്ചു.

5) വിഹിതങ്ങൾ, കോൺഫറൻസ്/എസി തല വാർഷിക റിപ്പോർട്ട് നൽകാത്ത എസികൾ എത്രയും പെട്ടെന്ന് സിസിയിൽ എത്തിക്കാൻ അറിയിച്ചു. റീച്ചൗട്ട് ബുള്ളറ്റിന്റെ പുതുക്കിയ നിരക്ക് 75 രൂപ എന്ന് അറിയിച്ചു.

6) ട്വിന്നിംഗ് കൈപറ്റിയതിന് ശേഷം ബന്ധപ്പെട്ട വിദേശ കോൺഫറൻസുകൾ കത്തുകൾ അയക്കണമെന്നും അതിന്റെ കോപ്പി സിസിയിൽ എത്തിക്കണമെന്നും അറിയിച്ചു.

7) 2016 മെയ് 1 മുതൽ 5 വരെ ബംഗളുരുവിൽ വെച്ച് നടക്കുന്ന നാഷണൽ കൗൺസിൽ കുടുംബ സംഗമത്തിലേയ്ക്ക് മാനന്തവാടി സിസിയിൽ നിന്നും ക്ഷണിക്കപ്പെട്ട ഏക വ്യക്തി ബ്രദർ ഡോ. മത്തായി പുളിയിലക്കാട്ട് ആണ് എന്നറിയിച്ചുകൊണ്ട് ആശംസകൾ അറിയിച്ചു.

8) നാല് കോൺഫറൻസുകൾക്ക് അഗ്രിഗേഷൻ ലഭിച്ചത് അറിയിച്ചു.
1. സെന്റ് അൽഫോൻസ മക്കിയാട് – കല്ലോടി എസി 61341
2. ലിറ്റിൽ ഫ്ളവർ ഭൂദാനം – മണിമൂളി എസി 61342
3. സെന്റ് മേരീസ് യവനാർകുളം – മാനന്തവാടി എസി 61343
4. സെന്റ് മേരീസ് ചെന്നലോട് – തരിയോട് എസി 61344

**സ്കോളർഷിപ്പ്**

സിസി യോഗത്തിൽ വെച്ച് താഴെ പറയുന്ന സ്കോളർഷിപ്പുകൾ വിതരണം ചെയ്തു

1) **HES**

a. ഷിൽജ ജോസ്– സെന്റ് തെരേസ പാൽച്ചുരം – കൊട്ടിയൂർ എസി

b. ഷൈജിൽ ദേവസ്യ – സെന്റ് തെരേസ തരിയോട് – തരിയോട് എസി

2) **TTS**

a. നിധിൻ പി.ജെ. – സെന്റ് ജോർജ് ചിത്രഗിരി – ബത്തേരി എസി

b. ബ്രോജിത് ലിയോ ജോസ് – സെന്റ് ആന്റണി പഴൂർ – ബത്തേരി എസി

c. റിനി ജോൺസൺ–സെന്റ് സെബാസ്റ്റ്യൻ കുപ്പാടിത്തറ– കുറുമ്പാല എസി

3) **VTS**

a. ലിൻസി ചാക്കോ – സെന്റ് ആന്റണി

b. മെർലിൻ തോമസ് – സെന്റ് മാർട്ടിൻ

c. ലിബിൻ ആന്റണി – സെന്റ് ജൂഡ്

4) **AAS**

a. ടോണി തോമസ്–സെന്റ് തോമസ് തരിയോട് – തരിയോട് എസി

b. അഖില തോമസ് – ഫാത്തിമ മാതാ കയ്യൂന്നി – ബത്തേരി എസി

c. ആൽവിൻ ജോണി – സെന്റ് മേരീസ് – ബത്തേരി എസി

d. സാന്ദ്ര മോൾ ജോസഫ് – സെന്റ് ജോസഫ് അടക്കാത്തോട് – കൊട്ടിയൂർ എസി

e. ആൻഡ്രൂസ് കെ.ടി – സെന്റ് മേരീസ് കൽപ്ര – ബത്തേരി എസി

f. ലിറ്റി ജോസഫ് – ലിറ്റിൽ ഫ്ളവർ ഒണ്ടയങ്ങാടി – പയ്യമ്പള്ളി എസി

g. ജസ്റ്റിൻ പി. ജോസഫ് – സെന്റ് ആന്റണി പഴൂർ – ബത്തേരി എസി

h. അഞ്ജലി റോസ് പീറ്റർ–ഇൻഫന്റ് ജീസസ് നടവയൽ–നടവയൽ എസി

i. ചിപ്പി ജോസഫ്–ക്രിസ്തുരാജ മണിമൂളി– മണിമൂളി എസി

j. ആശ ജെ തോമസ്–ഡൊമിനിക് സാവ്യോ വാഴവറ്റ – വാഴവറ്റ എസി

k. ജിനു ജോർജ് – സെന്റ് മേരീസ് ബത്തേരി – ബത്തേരി എസി

l. റിനു കെ. – സെന്റ് അൽഫോൻസ കാവുംമന്ദം – തരിയോട് എസി

m. അഞ്ജലി കെ. ഷാജി – സെന്റ് ജോർജ് തൃശിലേരി– പയ്യമ്പള്ളി എസി

n. ലിഡിയ ഡേവിസ് – സെന്റ് ഫ്രാൻസീസ് അസീസി ചുള്ളിയോട് – ബത്തേരി എസി

കപ്ലിൻ റിപ്പോർട്ട് എത്രയും പെട്ടെന്ന് വിദ്യാർത്ഥികളുടെ ഫോട്ടോ സഹിതം സിസി എത്തിക്കേണ്ടതാണ്.

**എസി/കോൺഫറൻസ് ഭാരവാഹികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

നാഷണൽ കൗൺസിലിൽ നിന്നും ലഭിച്ച സർക്കുലർ

"സെൻട്രൽ കൗൺസിൽ, ഏരിയ കൗൺസിൽ, കോൺഫറൻസ് പ്രസിഡണ്ട്മാർ തിരഞ്ഞെടുക്കപ്പെടുമ്പോൾ 64 വയസ് കവിയരുത്. 70 വയസിന് മുകളിൽ ആരെങ്കിലും ഏതെങ്കിലും പ്രസിഡണ്ട് സ്ഥാനത്തുണ്ടെങ്കിൽ ഉടൻ സ്ഥാനമൊഴിഞ്ഞ് പുതിയ പ്രസിഡണ്ടിനെ തിരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കണം"

ഈ സർക്കുലർ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരേയും അറിയിക്കണമെന്നും എസി/കോൺഫറൻസ് തലത്തിൽ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**ഓസാനാംഭവൻ രാത്രി സേവനം**

**ബത്തേരി എസി**

| | | |
|---|---|---|
| 13-5-2016 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 14-5-2016 | സെന്റ് മേരീസ് | ബത്തേരി |
| 15-5-2016 | സെന്റ് അൽഫോൻസ | ബത്തേരി |
| 16-5-2016 | സെന്റ് മേരീസ് | കടൽമാട് |
| 17-5-2016 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 18-5-2016 | സെന്റ് മേരീസ് | കൽപ്ര |
| 19-5-2016 | സെന്റ് ആന്റണി | വാകേരി |
| 20-5-2016 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 21-5-2016 | സെന്റ് ജോർജ് | ചിത്രഗിരി |
| 22-5-2016 | സെന്റ് ആന്റണി | പഴൂർ |
| 23-5-2016 | ഫാത്തിമ മാതാ | കുന്നലാടി |
| 24-5-2016 | സെന്റ് ഫ്രാൻസീസ് അസീസി | ചുള്ളിയോട് |
| 25-5-2016 | സെന്റ് അൽഫോൻസ | ചുള്ളിയോട് |
| 26-5-2016 | ഫാത്തിമ മാതാ | കയ്യൂന്നി |
| 27-5-2016 | സെന്റ് ജോസഫ് | വടക്കനാട് |
| 28-5-2016 | മേരിമാതാ | മൂലങ്കാവ് |
| 29-5-2016 | സെന്റ് ജോർജ് | കല്ലുമുക്ക് |
| 30-5-2016 | ആവേ മരിയ | കയ്യൂന്നി |

**ചുണ്ടക്കര എസി**

| | | |
|---|---|---|
| 31-5-2016 | സെന്റ് മേരീസ് | ചുണ്ടക്കര |
| 1-6-2016 | സെന്റ് ജോസഫ് | ചുണ്ടക്കര |

| | | |
|---|---|---|
| 2-6-2016 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 3-6-2016 | സെന്റ് തോമസ് | അരിഞ്ചേർമല |
| 4-6-2016 | സെന്റ് ജോർജ് | ചുള്ളിയാന |
| 5-6-2016 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 6-6-2016 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |
| 7-6-2016 | വി.മദർ തെരേസ | വിളമ്പുകണ്ടം |
| 8-6-2016 | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 9-6-2016 | സെന്റ് മേരീസ് | പറളികുന്ന് |
| 10-6-2016 | സെന്റ് ജൂഡ് | കുറുമ്പാലക്കോട്ട |

**കല്ലോടി എസി**

| | | |
|---|---|---|
| 11-6-2016 | സെന്റ് തോമസ് | ദീപ്തിഗിരി |
| 12-6-2016 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 13-6-2016 | സെന്റ് തോമസ് | വഞ്ഞോട് |
| 14-6-2016 | സെന്റ് അൽഫോൻസ | മക്കിയാട് |
| 15-6-2016 | സെന്റ് ബനഡിക്ട് | മക്കിയാട് |
| 16-6-2016 | സെന്റ് ആന്റണി | കുഞ്ഞോം |
| 17-6-2016 | സെന്റ് ജോർജ് | കല്ലോടി |
| 18-6-2016 | സെന്റ് മേരീസ് | പുതുശ്ശേരി |
| 19-6-2016 | സെന്റ് അൽഫോൻസ | വാളേരി |
| 20-6-2016 | സെന്റ് മേരീസ് | കല്ലോടി |
| 21-6-2016 | വാ. ഫ്രെഡറിക് ഓസാനാം | ദീപ്തിഗിരി |

**ഓസാനാംഭവൻ സന്ദർശനം**

**തോണിച്ചാൽ എസി**

| | | |
|---|---|---|
| 15-5-2016 | ലിറ്റിൽ ഫ്ളവർ | ചെറുകാട്ടൂർ |
| 17-5-2016 | സെന്റ് അൽഫോൻസ | ദ്വാരക |
| 19-5-2016 | സെന്റ് ആന്റണി | ദ്വാരക |
| 21-5-2016 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 23-5-2016 | സെന്റ് മേരീസ് | തോണിച്ചാൽ |
| 25-5-2016 | സെന്റ് തെരേസ | കൊമ്മയാട് |
| 27-5-2016 | സെന്റ് മേരീസ് | കാരക്കാമല |

**വാഴവറ്റ എസി**

| | | |
|---|---|---|
| 29-5-2016 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 31-5-2016 | അമലോത്ഭവ മാതാ | വാഴവറ്റ |
| 02-6-2016 | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |

| | | |
|---|---|---|
| 04-6-2016 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 06-6-2016 | സെന്റ് ജോർജ് | കൊളവയൽ |
| 08-6-2016 | സെന്റ് ജോസഫ് | തെനേരി |
| 10-6-2016 | സെന്റ് മേരീസ് | തെനേരി |
| 12-6-2016 | ക്രിസ്തുരാജ | കരണി |
| 14-6-2016 | സെന്റ് ഫ്രാൻസീസ് അസീസി | മീനങ്ങാടി |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരേയും 2016 മേയ് 10-ാം തീയതിയിലെ വാർഷികാഘോഷ പരിപാടിയിലേയ്ക്ക് ക്ഷണിക്കുന്നു. ഒരു കോൺഫറൻസിൽ നിന്നും ചുരുങ്ങിയത് മൂന്ന് അംഗങ്ങളെങ്കിലും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ

സഹോദരൻ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സിസി പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് ജില്ലയിൽ നബാർഡിന്റെ നേതൃത്വത്തിൽ നടത്തുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയ്ക്ക് നേതൃത്വം നൽകുന്ന ടീം അംഗങ്ങൾക്കുവേണ്ടി 2 ദിവസത്തെ പരിശീലനം സുൽത്താൻ ബത്തേരി ശ്രേയസിൽ വച്ച് നടന്നു. WSSS ൽ നിന്നും പ്രോഗ്രാം ഓഫീസർ, പ്രോജക്ട് കോ-ഓഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവർ പങ്കെടുത്തു.

**മെഗാ മെഡിക്കൽ ക്യാമ്പ്**

വിംസ് മെഡിക്കൽ കോളേജുമായി സഹകരിച്ച് എടത്തന കോളേജിൽവച്ച് മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വിവിധ വിഭാഗങ്ങളിലെ വിദഗ്ദരായ 11 ഡോക്ടർമാർ രോഗികളെ പരിശോധിച്ചു. ക്യാമ്പിൽ സമഗ്ര ആദിവാസി വികസന പദ്ധതിയിലെ പങ്കാളികളായ 350 ആദിവാസികൾ പങ്കെടുത്തു.

**പഠനയാത്ര നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ടീം അംഗങ്ങൾ കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലേയ്ക്ക് പഠനയാത്ര നടത്തി. 2 ദിവസങ്ങളിലായി നടന്ന പഠനയാത്രയിൽ WSSS ഡയറക്ടർ, ടീം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**ജനകീയസംഘാടനം**

നബാർഡിന്റെ സഹായത്തോടെ WSSS നടപ്പിലാക്കുന്ന വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ആവശ്യമായ സഹായങ്ങളും ക്ലാസുകളും നടത്തിവരുന്നു. നബാർഡിൽ നിന്നുള്ള പ്രത്യേക നിർദ്ദേശപ്രകാരം 44 ഗ്രൂപ്പുകൾക്ക് കഴിഞ്ഞമാസം ഒരു കോടിയിലേറെ രൂപ വിവിധ ബാങ്കുകളിൽ നിന്ന് ലോണായി ലഭിക്കുകയുണ്ടായി.

മാർച്ച് മാസം 9-ാം തീയതി SWS സെക്രട്ടറിമാരുടെ യോഗവും 20-ാം തീയതി കമ്യൂണിറ്റി ഡവലപ്മെന്റ് ഓർഗനൈസർമാരുടെ യോഗവും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.

**സേവ് എ ഫാമിലി പ്ലാൻ (SAFP)**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

ഈ വർഷം സേവ് എ ഫാമിലി പ്ലാനിലേയ്ക്ക് ഇതുവരെ 52 കുടുംബങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു. സേവ് എ ഫാമിലി പ്ലാനിന്റെ മേഖലാതല യോഗങ്ങൾ മാർച്ച് 22, 30, 31 തീയതികളിൽ പുൽപ്പള്ളി, കൽപ്പറ്റ, മാനന്തവാടി എന്നിവിടങ്ങളിൽ വച്ച് നടത്തി. കുടുംബജീവിതം എന്ന വിഷയത്തേക്കുറിച്ച് വയനാട് ജില്ല ഓർഫനേജ് അസോസിയേഷൻ കൗൺസിലറായ സി. ഷാലറ്റ് ക്ലാസെടുത്തു. സേവ് എ ഫാമിലി പ്ലാൻ പദ്ധതി കൂടുതൽ കാര്യക്ഷമമായി മുൻപോട്ട് പോകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തു.

**ബയോഗ്യാസ് വികസന പദ്ധതി**

കരിമാനി, ഒഴക്കോടി, പുതുശ്ശേരിക്കടവ്, ചെറ്റപ്പാലം, കബനിഗിരി, പരിയാരംകുന്ന്, മുത്തുമാരി തുടങ്ങിയ സ്ഥലങ്ങളിൽ 7 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും 6 എണ്ണം കമ്മീഷൻ ചെയ്യുകയും ചെയ്തു.

**(FCT) തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം**

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം മാർച്ച് മാസം 7 മുതൽ 12 വരെ തീയതികളിൽ ബോയ്സ് ടൗൺ പരിശീലന കേന്ദ്രത്തിൽ നടത്തപ്പെട്ടു. 21 പേർക്ക് പരിശീലനം നൽകി, 2015-2016 സാമ്പത്തിക വർഷത്തെ ചങ്ങാതികൂട്ടം പരിശീലനത്തിൽ 11 ബാച്ചുകളിലായി 221 പേർക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞു.

**വികാസ്പീഡിയ മാർച്ച് 2016**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരളത്തിലുടനീളം പ്രചരിച്ചുവരുന്ന കേന്ദ്രഗവൺമെന്റ് പദ്ധതി 'വികാസ്പീഡിയ' മലയാളം പോർട്ടലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമായി കൊണ്ടിരിക്കുന്നു. ജനകീയ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിലേയ്ക്കായി മറ്റു സന്നദ്ധസംഘടനകൾ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ എന്നിവയുടെ സഹകരണത്തോടെ വിവിധങ്ങളായ സെമിനാറുകൾ, പൊതുപരിപാടികൾ നടത്തിവരുന്നു.

വികാസ്പീഡിയയുടെ പ്രവർത്തനങ്ങളും ഗുണഫലങ്ങളും വയനാട്ടിലെ സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ 'റേഡിയോ മാറ്റൊലി' നൽകിവരുന്ന സേവനം നന്ദിയോടെ അനുസ്മരിക്കുന്നു.

വികാസ്പീഡിയ പോർട്ടലിന്റെ കൂടുതൽ പ്രചാരണത്തിനായി ഈ മാസം വിവിധങ്ങളായ പരിപാടികൾക്ക് രൂപം നൽകിയിരിക്കുന്നു. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾക്കു കീഴിൽ പ്രവർത്തിക്കുന്ന

കോളേജുകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി വികാസ്പീഡിയ ബോധവത്ക്കരണം, സ്ത്രീകൾക്കായി ഏകദിന സെമിനാർ, എറണാകുളം ജില്ലയിൽ വികാസ്പീഡിയ ഏകദിന ശില്പശാല എന്നിവ ഈ മാസം വികാസ്പീഡിയായുടെ പ്രത്യേക നേട്ടങ്ങളാണ്.

കൂടുതൽ വിവരങ്ങൾക്കായി ml.vikaspedia സന്ദർശിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

## DDU-GKY

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൌശ്യല്യ യോജന (DDU-GKY) തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേയ്ക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം നന്നായി പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. ഈ കോഴ്സിനു വരുന്ന എല്ലാവർക്കും ദിവസം 100 രൂപ വീതം യാത്രാബത്ത നൽകുന്നതാണ്.

ഫാഷൻ ഡിസൈൻ ടെക്നോളജിയുടെ രണ്ടാം ബാച്ചും ഫുഡ് പ്രോസസ്സിംഗിന്റെ രണ്ടാം ബാച്ചും പഠനം പൂർത്തിയാക്കി വിവിധ കമ്പനികളിൽ ജോലിക്ക് പോകാൻ തുടങ്ങി. നൂറിലധികം കുട്ടികൾക്ക് ജോലി നൽകാൻ ഈ പദ്ധതിവഴി നമുക്ക് സാധിച്ചു. ഫാഷൻ ഡിസൈൻ ടെക്നോളജിയുടെ മൂന്നാം ബാച്ച് മാർച്ച് ഒന്നിനു ആരംഭിച്ചു. ഫുഡ് പ്രോസസ്സിംഗിന്റെ പുതിയ ബാച്ചിലേയ്ക്ക് കുട്ടികളെ ആവശ്യം ഉണ്ട്. താൽപര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

## കേരള ലേബർ മൂവ്മെന്റ്

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യസംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

### ക്ഷേമനിധി

കേരള തയ്യൽ തൊഴിലാളി ഫോറം (KTWF) ത്തിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് പുനസ്ഥാപിക്കൽ ഈ മാസം നടത്തി. ജില്ലാ ക്ഷേമ

നിധി ഓഫീസ് മുഖേന അടച്ചുവന്നിരുന്ന അംശാദായം ഇനിമുതൽ ബാങ്കുവഴി തുടരുവാനുള്ള സംവിധാനം നടന്നുവരുന്നു.

**സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ (SNTU)**

ഈ ക്ഷേമനിധിയിൽ അംഗങ്ങളായ 10 കാർഡ് പുതുക്കൽ പൂർണ്ണമായി.

**ഭരണസമിതി യോഗം**

മാർച്ച് 16-ാം തീയതി മാനന്തവാടി WSSS ഓഫീസിൽവച്ച് KLM ന്റെ ഭരണസമിതിയോഗം നടന്നു. ശ്രീ. ബിജു പൂയിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ KLM രൂപതാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, സ്വാഗതം ആശംസിച്ചു. KLM സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ പങ്കെടുത്തു. കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തന സംവിധാനം കുറച്ചുകൂടി കാര്യക്ഷമമാക്കാൻ യോഗം തീരുമാനിച്ചു. KLM രൂപതാ കോ-ഓർഡിനേറ്റർ ശ്രീമതി മിനി ഉണ്ണികൃഷ്ണൻ നേതൃത്വം നൽകിയ യോഗത്തിൽ ശ്രീമതി ആലീസ് സിസിൽ കൃതജ്ഞതയർപ്പിച്ചു സംസാരിച്ചു.

**ജലനിധി എടവക ഗ്രാമപഞ്ചായത്ത്**

എടവക ഗ്രാമപഞ്ചായത്തിൽ കേരള ഗവൺമെന്റും ഗ്രാമപഞ്ചായത്തും ഗുണഭോക്താക്കളും ലോകബാങ്കിന്റെ സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ എടവക ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വപദ്ധതിയാണ് ജലനിധി. 2013 ഏപ്രിൽ മാസം തുടങ്ങിയ പദ്ധതിയിൽ കുടിവെള്ള പദ്ധതിക്കു പുറമെ ഭൂഗർഭ ജലപരിപോഷണം, ശുചിത്വം എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 14 കുടിവെള്ള പദ്ധതിയിൽ 10 എണ്ണം ഉദ്ഘാടനം കഴിഞ്ഞ് വെള്ളം വിതരണം ചെയ്തു തുടങ്ങി. കഴിഞ്ഞ മാർച്ച് മാസത്തിൽ മുഴുവൻ ഗുണഭോക്തൃ സമിതികളിലും ജനറൽ ബോഡിയോഗം ചേരുകയും സമിതി രജിസ്ട്രേഷൻ പുതുക്കുവാൻ വേണ്ട നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. കണ്ണൂർ ജില്ലയിലെ ആറളം പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ എടവക പഞ്ചായത്തിലെ തോണിച്ചാൽ പദ്ധതി സന്ദർശിക്കുകയും ചെയ്തു. ഗുണഭോക്തൃ സമിതിയികൾക്കായുള്ള "നടത്തിപ്പും പരിപാലനവും" എന്ന വിഷയത്തിൽ പരിശീലനം നടത്തുകയും പഞ്ചായത്തുതല അവലോകനം നടത്തുകയും ചെയ്തു. സമിതികൾക്കായുള്ള രജിസ്ട്രറുകൾ, കൺസ്യൂമർ കാർഡുകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ഉദ്ഘാടനം നടക്കാത്ത പദ്ധതികളിൽ പണി എത്രയും വേഗം പൂർത്തീകരിച്ച് വെള്ളം വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫാ. ബിജോ കറുകപ്പള്ളി** - ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

## ജൈവകൃഷി വ്യാപനപദ്ധതിയും അനുബന്ധ മേഖലകളും

**ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതി**

പദ്ധതിയിലേക്ക് മാർച്ച് മാസത്തോടെ നിലവിൽ 12023 കർഷകർ അംഗങ്ങളായി. ഗ്രാമതലത്തിൽ വിവിധയിടങ്ങളിലായി കർഷകർക്കു വേണ്ടിയുള്ള പരിശീലനങ്ങളും ബോധവത്കരണക്ലാസ്സുകളും നടന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 26 കർഷക മീറ്റിംഗുകളിൽ ഫീൽഡ് കോർഡിനേറ്റർമാർ പങ്കെടുക്കുകയും പരിശീലനം നല്കുകയും ചെയ്തു. ICS സർട്ടിഫിക്കേഷൻ പുതുക്കുന്നതിനായി നടന്ന എക്സ്റ്റേണൽ ഓഡിറ്റ് പൂർത്തീകരിക്കുകയും പുതുക്കിയ സർട്ടിഫിക്കറ്റുകൾ ലഭിക്കുകയും ചെയ്തു.

വില്ലേജ് ഫാം ക്ലബുകളുടെ മീറ്റിംഗുകൾ മുതിരേരി, ചുരളി, പാളക്കൊല്ലി, മുദ്രമൂല, കടൽമാട്, അരിക്കളം, കല്ലോടി, പുലിക്കാട്, കാട്ടിമൂല, കേണിച്ചിറ, പടമല, ചളിക്കിയം, അമ്പോളകൊല്ലി, മുതിരേരി എന്നിവിടങ്ങളിൽ നടന്നു.

**ബയോവിൻ സർട്ടിഫിക്കേഷൻ**

ഇന്ത്യ, യു.എസ്.എ, യൂറോപ്പ് എന്നിവിടങ്ങളിൽ ജൈവ ഉത്പന്നങ്ങൾ വിപണനം നടത്തുവാനാവിശ്യമായ NPOP, NOP, EU സർട്ടിഫിക്കറ്റുകൾ ബയോവിൻ അഗ്രോറിസർച്ചിന് ലഭിച്ചു.

ഫെയർട്രേഡ് ഉത്പന്നങ്ങളുടെ വിപണനത്തിനാവശ്യമായ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു.

**വോഫ**

2016 മാർച്ച് മാസം 22-ാം തീയതി ബയോവിൻ കോൺഫറൻസ് ഹാളിൽ വോഫ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു.

**യോഗ തീരുമാനങ്ങൾ**

1. 2015 ഡിസംബർ മാസം മുതൽ വോഫയിലൂടെ സംഭരിച്ച കാപ്പി, മഞ്ഞൾ, ഇഞ്ചി എന്നീ ഉത്പന്നങ്ങൾക്ക് കിലോഗ്രാമിന് 3.50 രൂപ ബോണസ് നല്കാൻ തീരിമാനിച്ചു.
2. ജൈവകൃഷി പ്രോത്സാഹനത്തിനും കൂടുതൽ കർഷകരെ ജൈവ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി 2016 സെപ്റ്റംബർ 5-ാം തീയതി ബത്തേരിയിൽ വെച്ച് ഓർഗാനിക്ക് ഫെസ്റ്റ് നടത്താൻ തീരുമാനിച്ചു.

3. ഓർഗാനിക്ക് ഫെസ്റ്റിന്റെ വിജയത്തിനായി എല്ലാ വില്ലേജ് ഫാം ക്ലബുകളിൽ നിന്നുള്ള കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ തീരുമാനിച്ചു.
4. ബോയ്സ് ടൗണിൽ ആരംഭിക്കാനിരുന്ന വോഫയുടെ നേഴ്സറി മാനന്തവാടി ഗവൺമെന്റ് ഹൈസ്കൂളിനോട് ചേർന്നുള്ള ബിഷപ്പ് ഹൗസിന്റെ സ്ഥലത്തു തുടങ്ങുവാൻ തീരുമാനിച്ചു.

**സന്ദർശകർ**

ജർമ്മനി, ഫിൻലാൻഡ്, സ്വിറ്റ്സർലാന്റ് എന്നിവിടങ്ങളിൽ നിന്നും വിവിധ കമ്പനികളുടെ പ്രതിനിധികൾ ഫാക്ടറിയും കൃഷിയിടങ്ങളും സന്ദർശിച്ചു.

**ബയോവിൻ വിപണന വിഭാഗം**

ഏപ്രിൽ 1-ാം തീയതി മുതൽ ബയോവിൻ ജൈവ ഫെയർട്രേഡ് കാപ്പി പൊതുവിപണിയിൽ 57 രൂപ വിലയുള്ളപ്പോൾ 70 രൂപ നിരക്കിൽ സംഭരിക്കാൻ തീരുമാനിച്ചു.

2016 മാർച്ച് മാസത്തിൽ ജൈവ-ഫെയർട്രേഡ് അംഗത്വമുള്ള കർഷകരിൽ നിന്നും കാപ്പി 254 mt, ഇഞ്ചി 22 mt, മഞ്ഞൾ 6 mt എന്നീ ഉത്പന്നങ്ങൾ സംഭരിച്ച് സംസ്കരണം നടത്തുകയും അമേരിക്ക, ജർമ്മനി, ഫ്രാൻസ്, ഓസ്ട്രേലിയ, ബ്രിട്ടൻ എന്നീ രാഷ്ട്രങ്ങളിലേക്ക് കയറ്റുമതി നടത്തുകയും ചെയ്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

**വെഞ്ചിരിപ്പും ഉദ്ഘാടനവും നടത്തി**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള അരിഞ്ചേർമല സെന്റ് തോമസ് എൽ.പി സ്കൂളിന് വേണ്ടി നിർമ്മിച്ച സ്മാർട്ട് ക്ലാസ്സ് റൂമുകളും, കംപ്യൂട്ടർ ലാബും അടങ്ങിയ നൂതന സംവിധാനങ്ങളോട് കൂടിയ പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പും ഉദ്ഘാടനവും മാനന്തവാടി രൂപതാക്ഷ്യൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നടത്തി. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ സ്കൂൾ വാർഷികത്തിൽ രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ബിജു പൊൻപാറയ്ക്കൽ അധ്യക്ഷതവഹിച്ചു. പനമരം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിസ്സി തോമസ് മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ മാനേജർ ഫാ. പോൾ ഇടയകൊണ്ടാട്ട് റിട്ടയേർഡ് അധ്യാപകർക്ക് ഉപഹാരം നൽകി ആദരിച്ചു.

**നവീകരിച്ച പൂൾ ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ 2015 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ച പൂൾ ലിസ്റ്റിൽ പറഞ്ഞിരുന്ന നിർദ്ദേശം അനുസരിച്ച് 2015-2016 വർഷങ്ങളിൽ ഓരോരുത്തർക്കും ലഭിച്ച ദിവസവേതന സർവ്വീസ് മാർക്കുകൾ ചേർത്തതിനു ശേഷമുള്ള പൂൾ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**സീഡോം കൺവെൻഷൻ (സദ്ഗമയ - 2016) മെയ് 12ന്**

**2016 മേയ് മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ഒണ്ടയങ്ങാടി, മേരിമാതാ ആർട്ട്സ് ആന്റ് സയൻസ് കോളേജ്** ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഒരു ഏകദിന കൺവെൻഷൻ നടത്തുകയാണ്. ആത്മീയ നവീകരണത്തിന്റെ ഉത്തമാചാര്യനും, വചനപ്രഘോഷണത്തിലൂടെയും, തൂലികയിലൂടെയും അനേകായിരങ്ങൾക്ക് ദൈവസ്നേഹവും സാന്ത്വനവും പകർന്നേകിയ *റവ.ഫാ. ബോബി ജോസ് കട്ടിക്കാടിന്റെ* കരുണപൂക്കുന്ന അക്ഷരാലയങ്ങൾ എന്ന സെമിനാറോടെ ആരംഭിക്കുന്ന ഈ സംഗമത്തിന്റെ പൊതുസമ്മേളനത്തിൽ മാനന്തവാടി രൂപതാധ്യക്ഷൻ *അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ്*

*ഉദ്ഘാടന കർമ്മം നിർവ്വഹിക്കും. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന്റെ മഹനീയസാന്നിധ്യം ഉണ്ടായിരിക്കും.* മുഖ്യ പ്രഭാഷണം *മാനന്തവാടി മുൻസിപ്പൽ ചെയർമാൻ ശ്രീ.ആർ പ്രവീജും,* നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്ക് *ഡി.ഡി.ഇ വയനാട് ശ്രീ. കെ.രാഘവൻ മാസ്റ്റർ* ഉപഹാരസമർപ്പണവും നടത്തുന്നു. ഈ വർഷത്തെ SSLC പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കിയ സ്കൂളുകൾക്കുള്ള പ്രത്യേക അവാർഡുകളും, നമ്മുടെ സ്കൂളുകളിൽ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള അവാർഡുദാനവും നടത്തപ്പെടുന്നതാണ്. ഈ വർഷം മികച്ച അദ്ധ്യാപകർക്കുള്ള അവാർഡുകൾ കരസ്ഥമാക്കിയവരെയും ഈ വേദിയിൽ ആദരിക്കുന്നതാണ്. നമ്മുടെ ഈ **'സദ്ഗമയ – 2016'** സിഡോം കുടുംബത്തിലെ എല്ലാവരുടെയും സജീവ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് ജോസഫ്സ് ടി.ടി.ഐ:**– 25–02–2016 ന്, മാനന്തവാടി BRC യിൽ വച്ച് നടന്ന ഇംഗ്ലീഷ് ഫെസ്റ്റ്, ഡ്രാമ വിഭാഗത്തിൽ മാനന്തവാടി നഗരസഭയിലെ സെന്റ് ജോസഫ്സ് ടി.ടി.ഐ. ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**കണിയാരം ഫാ. ജി.കെ.എം. എച്ച്. എസ്.** :– മലയാള മനോരമയുടെ നല്ല പാഠം ജില്ലാ അവാർഡിന് കണിയാരം ഹൈസ്കൂൾ അർഹരായി. ജീവകാരുണ്യം, കൃഷി മുറ്റം, ഭാഷാസ്നേഹം, സാമൂഹ്യ സേവനം, ഊർജ്ജ സംരക്ഷണം തുടങ്ങിയ മേഖലകളിൽ സ്കൂൾ നടത്തിയ 132 –ൽ ഏറെ പ്രവർത്തനങ്ങൾക്കാണ് ഈ പുസ്ക്കാരം ലഭിച്ചത്. പുരസ്കാരമായി സ്കൂളിന് 25000/– രൂപയുടെ ക്യാഷ് അവാർഡും, മികച്ച കോ– ഓർഡിനേറ്റർമാരായി തിരഞ്ഞെടുക്കപ്പെട്ട ജോസ് മാത്യു സാറിനും ഉഷാകുമാരി ടീച്ചർക്കും 5000/– രൂപയുടെ വീതം ക്യാഷ് അവാർഡും ലഭിച്ചു.

**പഴൂർ സെന്റ് ആന്റണീസ് യു.പി.എസ്.** :– വയനാട് റവന്യൂ ജില്ലയിലെ മാതൃഭൂമി വി.കെ.സി. അവാർഡും, സീഡ് ഹരിത വിദ്യാലയം എന്ന പ്രോഗ്രാമിൽ വയനാട് ജില്ലയിൽ രണ്ടാം സ്ഥാനവും, നന്മവർഷം പരിപാടികളിൽ ബെസ്റ്റ് സ്കൂൾ അവാർഡും പഴൂർ സെന്റ് ആന്റണീസ് യു.പി. സ്കൂൾ സ്വന്തമാക്കി.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ

## 1) National Symposium on

Science and Religion: Friends or Foes?
17th & 18th May, 2016
Mount Mary College, Mananthavady

Science and Religion Forum, Wayanad is organizing a National Symposium on **Science and Religion: Friends or Foes?** on 17th & 18th May, 2016. The Seminar will be inaugurated by Most Rev. Dr. Joseph Mar Thomas (Bishop, Diocese of Bathery) at Mount Mary College, Mananthavady. The Valedictory Function will be on 18th May, at 3.00 pm. The Chief Guest will be His Excellency Mar Jose Porunnedom (Bishop, Diocese of Mananthavady). The seminar is organized In collaboration with Indian Institute of Science and Religion (IISR), Delhi& Loyola Institute of Peace and International Relations (LIPI), Kochi.

**Fr. Thomas Kachirayil**
Rector,
(Mount Mary College, Mananthavady)

**Fr. Noble Thomas Parackal**
Co-ordinator,
(Science and Religion Forum, Wayanad)

Contact: 09744667206 (Fr. Noble)
09446892434 (Fr. Thomas)
email : scienceandreligionforum@gmail.com

• • • • •

**2) മോൺസിഞ്ഞോർ ജോർജ് പുത്തൻപുര-ഫാ. ജോൺ കുന്നപ്പള്ളി അവാർഡിനുള്ള കൃതികൾ ക്ഷണിക്കുന്നു.**

താഴെപറയുന്ന നിബന്ധനകൾക്ക് അനുസൃതമായിരിക്കും അവാർഡിനുള്ള കൃതികൾ പരിഗണിക്കുന്നത്.

1. ഗ്രന്ഥകർത്താക്കൾ കത്തോലിക്കാ വൈദീകർ ആയിരിക്കണം.
2. ഗ്രന്ഥങ്ങൾ മലയാള ഭാഷയിൽ രചിക്കപ്പെട്ട മൂലകൃതികളാകണം.
3. ഗ്രന്ഥങ്ങൾ ബൈബിൾ, ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, തിരുസഭ, ആരാധനക്രമം തുടങ്ങിയ സഭാ സംബന്ധമായ വിഷയങ്ങളെ സംബന്ധിച്ചുള്ളതായിരിക്കണം.

4. ഗ്രന്ഥങ്ങൾ ഏകകർത്തൃത്വം ആയിരിക്കണം (Not edited or Co-authored)
5. ഗ്രന്ഥങ്ങൾ 2011 നും 2016 നും ഇടയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആദ്യപതിപ്പുമാവണം.
6. ഗ്രന്ഥങ്ങളുടെ മൂന്നുകോപ്പിവീതം 2016 ജൂലൈ 30 നു മുൻപായി ഓഫീസിൽ എത്തിയിരിക്കണം.
7. ഗ്രന്ഥങ്ങൾ അയക്കേണ്ട വിലാസം:

Msgr. Puthenpura - Fr. Kunnappally Award
Pontifical Institute of Theology and Philosophy
St. Joseph's Pontifical Seminary
Mangalapuzha, Alwaye, Kerala 683102

• • • • •

# Pastoral Centre Programme



**May 2016**

| | |
|---|---|
| 1 | CML Managing Committe & Election |
| 3 | Diocesan Day |
| 5 | S H Vestition |
| 7 | Zion |
| 8 | Catechism Prathibha Sangamam |
| 10 | CML Vachanatharam |
| 10 | Marian Singles |
| 13 | KCYM Syndicate |
| 14 | SMMA Team Training |
| 16 | Department of Youth Ministry Meeting |
| 21 | HM PP Conference |
| 21 | Madhyavirutha Samithi Animators gathering |
| 22-25 | Marriage Preparation Course |
| 28-31 | Zion CRC Retreat |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***May 2016***

| | | |
|---|---|---|
| *1* | *Sun Morning.....* | *Poroor: First Communion* |
| | *Afternoon .........* | *SKD Novitiate* |
| *2* | *Mon ...................* | *Pulpally : First Communion* |
| *3* | *Tue ....................* | *Diocesan Day* |
| *4* | *Wed ...................* | *Kalluvayal: Blessing of the newly constructed church* |
| *5* | *Thu Morning....* | *Dwaraka: Vestition and Profession of SH Novices* |
| | *Afternoon ..........* | *Mullenkolly: Inauguration of Youth Retreat* |
| *6* | *Fri .....................* | *Out of Station* |
| *7* | *Sat Morning......* | *Dwaraka: First Communion* |
| | *Afternoon .........* | *Panamchira: First Communion* |
| *8* | *Sun ...................* | *Ambayathode: First Communion* |
| *9* | *Mon Morning...* | *Engaged* |
| | *Afternoon ........* | *SH Superiors' Meet* |
| *10* | *Tue ....................* | *Minor Seminary: Interview* |
| *11* | *Wed .................* | *Minor Seminary: Vestition of Major Seminarians* |
| *12* | *Thu ..................* | *Mary Matha College: Corporate Educational Agency Staff Convention* |
| *13* | *Fri 14 Sat .........* | *Out of Station* |
| *15* | *Sun .................* | *Adackathode: Blessing of Sunday School* |

| | | |
|---|---|---|
| 16 | *Mon ..................* | *Assembly Election* |
| 17 | *Tue ....................* | *Thamarassery: Blessing of Bishop's House* |
| | *Evening........* | *Calicut : Regional Bishops' Meet* |
| 18 | *Wed Morning.....* | *Calicut Regional Bishop's Meet* |
| | *Afternoon ..........* | *Mount Mary College: Seminar on Science and Religion* |
| 19 | *Thu .................* | *Cathedral: Blessing of the newly constructed church* |
| 20 | *Fri ..................* | *Out of Station* |
| 21 | *Sat Morning ....* | *Dwaraka: HM & PP Conference* |
| | *Afternoon .........* | *Valavayal: Jubilee of Sisters* |
| 22 | *Sun Morning.....* | *Prasanthagiri: First Communion* |
| | *Afternoon .........* | *Alattil: Jubilee of Parish* |
| 23 | *Mon .................* | *Kallumuthirakunu* |
| 24 | *Tue ..................* | *Vellamunda: Jubilee of Parish* |
| 25 | *Wed .................* | *Marakadavu: Ordination of Dn. Jitheesh Thottathil PSDP* |
| 26 | *Thu ..................* | *WSSS General Body* |
| 27 | *Fri ..................* | *Out of Station* |
| 28 | *Sat ..................* | *Kayyakunnu: La Salette Chapel Blessing* |
| 29 | *Sun July 13 Fri* | *Aboard* |

## കാരുണ്യവർഷ പ്രാർത്ഥന

കരുണതന്നെയായ പിതാവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായിലൂടെ അവിടുത്തെ കാരുണ്യത്തിന്റെ മുഖം ഞങ്ങൾക്കു വെളിപ്പെടുത്തിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. കാരുണ്യത്തിന്റെ നനവുള്ള കണ്ണുകൾ കൊണ്ട് സഹോദരങ്ങളെ നോക്കികാണാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളിൽ ആർദ്രതയുടെ ഉറവുചാലുകൾ പൊട്ടിയൊഴുകാൻ ഇടയാക്കണമേ. കാരുണ്യത്തിന്റെ ഒരു നോട്ടമോ, വാക്കോ, പുഞ്ചിരിയോ, പ്രവൃത്തിയോ ഇല്ലാത്ത ഒരു ദിവസവും ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകാതിരിക്കാൻ കനിയണമേ.

കാൽവരിയിലെ കുരിശിൽ കരുണയുടെ രൂപവും ഭാവവുമായി മാറി, സർവ്വാംഗം മുറിവേറ്റ ഈശോയേ, ഈ കാരുണ്യവർഷം മുഴുവൻ സവിശേഷമായി അങ്ങു ഞങ്ങളുടെ ഓർമ്മയും ധ്യാനവും മാതൃകയുമാകണമേ. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരാകുവിൻ" എന്ന തിരുവചനം ഞങ്ങളുടെ ധ്യാനവിഷയമാകട്ടെ. ശാരീരികവും ആത്മീയവുമായ കാരുണ്യ പ്രവൃത്തികളാൽ ഞങ്ങളുടെ ജീവിതം അനുഗ്രഹീതമാകുകയും ചെയ്യട്ടെ.

ത്രിയേക ദൈവത്തിന്റെ സ്നേഹ കൂട്ടായ്മയിലേയ്ക്ക് ഞങ്ങളെ ചേർത്തണയ്ക്കുന്ന പിതാവേ, അങ്ങേയ്ക്ക് ആരാധന. അതിരറ്റ സ്നേഹത്തോടെ ഞങ്ങൾക്കായി ജീവിതം ബലിയർപ്പിച്ച കർത്താവേ, അങ്ങേയ്ക്ക് സ്തുതി. ദൈവത്തിന്റെ കണ്ണുകളിലൂടെ അയൽക്കാരെ നോക്കികാണാൻ ഞങ്ങളെ സജ്ജരാക്കുന്ന പരിശുദ്ധാത്മാവേ, അങ്ങേയ്ക്ക് സ്തോത്രം. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും ആമ്മേൻ.

# അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ

ഇടവകകളിലെ അക്കൗണ്ടുകൾ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ചെയ്യുന്നതിന് താല്പര്യമുള്ളവർ 8891033012 എന്ന മൊബൈൽ നമ്പറിൽ ശ്രീ. ബിജു മറ്റവുമായി ബന്ധപ്പെടുക. ഇപ്പോൾ തന്നെ നമ്മുടെ രൂപതയിൽ നൂറോളം പള്ളികളിൽ EXACT എന്ന സോഫ്റ്റ്‌വെയർ install ചെയ്തിട്ടുണ്ടെങ്കിലും പലയിടത്തും അവ ഉപയോഗത്തിൽ ഇല്ല. Accounting Software install ചെയ്യുവാനും അതിൽ പരിശീലനമോ മറ്റ് എന്തെങ്കിലും സാങ്കേതിക സഹായമോ ആവശ്യമുള്ളവർ ശ്രീ. ബിജുവുമായി ബന്ധപ്പെടുക.

**ചാൻസലർ**